**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിന്റെ പരിഗണന.

ശ്രീ. പ്രമോദ് നാരായൺ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൈവറ്റ് മെമ്പേഴ്സ് ബിൽ നാലെണ്ണത്തിന് അരമണിക്കൂർ വീതമാണ് നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ഇപ്പോൾ സമയം വൈകിയ സ്ഥിതിക്കും ഇന്ന് വെള്ളയാഴ്ചയായതിനാൽ ഉച്ചയ്ക്ക് 12.30-ന് പിരിയണമെന്നതിനാലും അത് 15 മിനിറ്റുവീതമാക്കി കുറയ്ക്കാവുന്നതാണ്. സമയം പതിനഞ്ച് മിനിറ്റുവീതമാക്കി അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ.

ശ്രീ. പി. എസ്. സുപാൽ: സർ, 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

## (i) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരള സംസ്ഥാനത്തെ ഹോട്ടലുകൾ, ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ, കൊറിയർ സർവ്വീസ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സേവനങ്ങളും വീടുകളിൽ എത്തിക്കുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ നൽകുന്നതിനുംവേണ്ടി ഒരു നിധി രൂപീകരിക്കുന്നതുസംബന്ധിച്ചുള്ള അനൗദ്യോഗിക ബില്ലാണ് ബഹുമാനപ്പെട്ട പി. എസ്. സുപാൽ, എം.എൽ.എ അവതരണാനുമതി തേടിയിട്ടുള്ളത്.

കേരള സംസ്ഥാനത്തെ ഹോട്ടലുകൾ, ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ, കൊറിയർ സർവ്വീസ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സേവനങ്ങളും വീടുകളിൽ എത്തിക്കുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കേരളത്തിനകത്ത് ബന്ധപ്പെട്ട ഓഫീസുകൾ ഉള്ളപക്ഷം കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്നതും കേരളാ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതുമാണ്. പ്രസ്തുത ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികൾക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര സഹായം, മരണാനന്തര ചെലവ് തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹത നേടാവുന്നതുമാണ്. സംസ്ഥാനത്ത് ഒരു ക്ഷേമനിധി ബോർഡിലും അംഗങ്ങളല്ലാത്ത അസംഘടിതമേഖലകളിലെ തൊഴിലാളികൾക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടാവുന്നതാണ്. ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനത്തിലെ

തൊഴിലാളികൾ ഹോട്ടൽ ഭക്ഷണങ്ങൾ ഓൺലൈനായി നേരിട്ട് വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുന്നവർ എന്നിവർക്കും പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാം. അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹധനസഹായം, മരണാനന്തര സഹായം, അപകട ആനുകൂല്യം എന്നീ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്.

പാർലമെന്റ് പാസ്സാക്കിയിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി കോഡ് 2020-ന്റെ വകുപ്പ് 2 (35) പ്രകാരം പരമ്പരാഗതമായ തൊഴിലാളി-തൊഴിലുടമ ബന്ധമില്ലാതെ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ട് അതിൽ നിന്നും വരുമാനം കണ്ടെത്തുന്ന തൊഴിലാളികളെ ജി.ഐ.ജി. വർക്കർ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പ് 2 (60) പ്രകാരം പരമ്പരാഗതമായ തൊഴിലാളി-തൊഴിലുടമ ബന്ധത്തിന്റെ പരിധിക്ക് പുറത്ത് വ്യക്തികളോ ഓർഗനൈസേഷനുകളോ ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ചുകൊണ്ടോ മറ്റുള്ള ഓർഗനൈസേഷനുമായോ വ്യക്തികളുമായോ

ബന്ധം സ്ഥാപിച്ച് പ്രത്യേകം സേവനം പ്രദാനം ചെയ്യുകയോ പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കുകയോ ചെയ്യുന്ന തൊഴിലാളികളെ പ്ലാറ്റ്ഫോം തൊഴിൽ എന്നും ഇതേ നിയമത്തിന്റെ വകുപ്പ് 2(61) പ്രകാരം ഇത്തരം തൊഴിൽ ചെയ്യുന്നവരെ പ്ലാറ്റ്ഫോം തൊഴിലാളികൾ എന്നും നിർവ്വചിച്ചിട്ടുണ്ട്.

ടി രണ്ടുവിഭാഗം തൊഴിലാളികൾക്കുവേണ്ടി 113 പ്രകാരം ഒരു രജിസ്ട്രേഷൻ സംവിധാനവും വകുപ്പ് 114 പ്രകാരം ഇത്തരം തൊഴിലാളികൾക്കായി കേന്ദ്രഗവൺമെന്റ് ലൈഫ് ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, ആരോഗ്യസേവനം, മെറ്റേർണിറ്റി ബെനഫിറ്റ്, വാർദ്ധക്യകാല സുരക്ഷ തുടങ്ങിയവ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ രൂപീകരിക്കുന്ന ഏതൊരു സ്കീമും പൂർണ്ണമായും കേന്ദ്രഗവൺമെന്റ് ഫണ്ടുപയോഗിച്ച് കേന്ദ്ര-സംസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയോ പൂർണ്ണമായും അഗ്രഗേറ്റർമാരുടെ വിഹിതം ഉപയോഗിച്ചോ മേൽപ്പറഞ്ഞ എല്ലാ വിഭാഗത്തിൽ നിന്നുള്ള സംയുക്തമായ വിഭവസമാഹരണം ഉപയോഗിച്ചോ സി.എസ്.ആർ ഫണ്ടുകളുപയോഗിച്ചോ മറ്റേതെങ്കിലും സ്രോതസ്സുകൾ ഉപയോഗിച്ചോ നടപ്പാക്കാവുന്നതാണ്.

ഈ കോഡിന്റെ വകുപ്പ് 6(1) പ്രകാരം രൂപീകരിക്കുന്ന നാഷണൽ സോഷ്യൽ സെക്യൂരിറ്റി ബോർഡിനായിരിക്കും. ജി.ഐ.ജി ആന്റ് പ്ലാറ്റ്ഫോം വർക്കേഴ്സ് ക്ഷേമപദ്ധതികളുടെ നടത്തിപ്പ് ചുമതല സോഷ്യൽ സെക്യൂരിറ്റി കോഡ് 2020 നിലവിൽ വരുന്ന മുറയ്ക്ക് മേൽ വിഭാഗം തൊഴിലാളികളുടെ പൂർണ്ണമായ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്താൻ കഴിയുമെന്ന് കാണുന്നു. ഈ വിഭാഗം തൊഴിലാളികൾക്കുവേണ്ടി സാമൂഹ്യസുരക്ഷാ പദ്ധതി ആവിഷ്ക്കരിക്കുന്നതിന്റെ ചുമതല കേന്ദ്ര ഗവൺമെന്റ് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ആയതിന് വിരുദ്ധമായി സംസ്ഥാനത്ത് ഇതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയില്ലെന്ന് കാണുന്നു.

വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്ന കേരള സംസ്ഥാനത്തെ ഹോട്ടലുകൾ, ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ, കൊറിയർ സർവ്വീസ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സേവനങ്ങളും വീടുകളിൽ എത്തിക്കുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, കേരള അസംഘടിത ക്ഷേമനിധി

ബോർഡ് എന്നിവിടങ്ങളിൽ അംഗങ്ങളാകാനും ആനുകൂല്യം ലഭിക്കുന്നതിനും നിലവിൽ അവസരമുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി കോഡിലും അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ ഉന്നയിച്ചിരിക്കുന്നവിധം വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്ക് ടി ഒരു പ്രത്യേക ക്ഷേമപദ്ധതി രൂപീകരിക്കുന്നതിന് പ്രസക്തിയില്ല. ആ അടിസ്ഥാനത്തിലാണ് ഈ മറുപടി ഇവിടെ അവതരിപ്പിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, കേരള സംസ്ഥാനത്തെ ഹോട്ടലുകൾ, ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, കൊറിയർ സർവ്വീസ്, ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സാധനങ്ങളും സേവനങ്ങളും ഉപഭോക്താക്കൾക്കെത്തിക്കുന്ന മേഖലയിൽ പ്രവർത്തിക്കുന്ന എഴുപത്തിഅയ്യായിരത്തിലധികം വരുന്ന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിലൂടെ കേരളത്തിൽ വളർന്നുവരുന്ന ഒരു പുതിയ തൊഴിൽമേഖലയെ പരാമർശിക്കുന്നതുകൂടിയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾ വളരെ സജീവമായി ചർച്ച ചെയ്യപ്പെടുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. അത്തരം കാര്യങ്ങൾക്ക് വളരെ പ്രാധാന്യമാണ് നിയമസഭ നൽകിയിട്ടുള്ളത്. വലിയ സാധ്യതകളുള്ള പുതിയ മേഖലയാണിത്. ധാരാളംപേർ കടന്നുവരാൻ സാധ്യതയുള്ള ഒരു തൊഴിൽമേഖലയെന്ന നിലയ്ക്ക് ഇവർക്കുവേണ്ടി പ്രത്യേക ക്ഷേമനിധി രൂപീകരിക്കുകയെന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഒരു പക്ഷേ വളരെ വേഗത്തിൽ അത്തരമൊരു തീരുമാനത്തിലേയ്ക്ക് പോകേണ്ടിവരുമെന്ന കാര്യത്തിലും സംശയമില്ല. നമ്മുടെ സംസ്ഥാനത്തെ മിക്കവാറും തൊഴിലാളികളും ഏതെങ്കിലും ക്ഷേമപദ്ധതിയിലുൾപ്പെട്ടവരാണ്. ഇന്ത്യയിൽത്തന്നെ ഇത്തരത്തിൽ മാതൃക കാണിച്ചിട്ടുള്ള സംസ്ഥാനമാണ് നമ്മുടേത്. തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും പരിഗണിച്ച്, നിരവധി നിയമനിർമ്മാണങ്ങളാണ് കേരള നിയമസഭ നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഇന്ത്യയിലെ മറ്റ് നിയമസഭകൾക്ക് മാതൃകയാണ് നമ്മുടെ സഭ. പുതിയൊരു തൊഴിൽവിഭാഗമെന്ന നിലയിലും വളർന്നുവരുന്ന ഏറ്റവും വലിയ തൊഴിൽമേഖല എന്ന നിലയിലും വാതിൽപ്പടി സേവനമേഖലയ്ക്ക്

അതിന്റേതായ പ്രാധാന്യമുണ്ട്. വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിച്ച 60 വയസ് പൂർത്തിയായവർക്കും സ്ഥായിയായ അവശതമൂലം തൊഴിൽരഹിതരാകുന്നവർക്കും പെൻഷൻ ലഭ്യമാക്കണം. ഈ ക്ഷേമനിധിയിൽ അംഗമായവരുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാൻ തയ്യാറാകണം. ഈ രംഗത്ത് ജോലിചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് പ്രസവാനുകൂല്യം നൽകണം. അംഗത്തിന്റെയും കുടുംബത്തിന്റെയും ചികിത്സാനുകൂല്യങ്ങളും മരണാനന്തര ചടങ്ങുകൾക്കുള്ള സഹായവുമെല്ലാം ഉറപ്പാക്കാൻ ഇതിലൂടെ കഴിയണം. ഇന്ന് ലോക വ്യാപാര വാണിജ്യ മേഖലകൾ സങ്കൽപ്പങ്ങൾക്കുമപ്പുറത്തുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ ഏത് ഭാഗത്തും നിർമ്മിക്കുന്ന ഏത് തരത്തിൽപ്പെട്ട ഉല്പന്നങ്ങളും നമ്മുടെ വീട്ടുമുറ്റത്ത് എത്തുന്നതിന് അധിക സമയം വേണ്ടിവരുന്നില്ല. വാതിപ്പടി സാധന സേവന വിതരണ മേഖലയിൽ ഏറ്റവും ആദ്യം രംഗത്തുവന്നത് കൊറിയർ സർവ്വീസ് സ്ഥാപനങ്ങളാണെന്ന് നമുക്കറിയാം. ഏറെ പ്രതിസന്ധികൾ അതിജീവിച്ചാണ് ആദ്യഘട്ടങ്ങളിൽ കൊറിയർ ശൃംഖലകൾ പ്രവർത്തിച്ചിരുന്നത്. ഇന്ന് ധാരാളം കൊറിയർ സർവ്വീസുകൾ നമ്മുടെ

നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. അത് പൊതുവെ എല്ലാവർക്കും ഗുണപ്രദവുമാണ്. ഈ സംവിധാനങ്ങളിലൂടെ സാധനങ്ങളും സേവനങ്ങളും വളരെ വേഗത്തിൽ നമ്മുടെ കൈകളിലെത്തുന്നതിന് സാധിക്കുന്നു. എന്നാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മതിയായ വേതനമോ വേതനനിരക്കോ നിശ്ചയിച്ചിട്ടില്ല. ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷയോ ചികിത്സാ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഏതെങ്കിലുമൊരു തൊഴിൽ എന്ന നിലയിലുള്ള രജിസ്ട്രേഷൻ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കില്ല എന്നതാണ് യാഥാർത്ഥ്യം. മുതുകിൽ വലിയ ബാഗുംതൂക്കി എത്ര തിരക്കുള്ള റോഡിലൂടെയും തിക്കിത്തിരക്കി ഇരുചക്രവാഹനത്തിൽ പായുന്ന ഓൺലൈൻ വ്യാപാര മേഖലയിൽ ജോലി ചെയ്യുന്ന യുവാക്കളുടെ ചിത്രം പട്ടണങ്ങളിലെയും ചില നഗരപ്രദേശങ്ങളിലെയും റോഡുകളിൽ സർവ്വ സാധാരണമായി കാണാറുള്ളതാണ്. പട്ടണങ്ങളിലും നഗരങ്ങളിലും മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലടക്കം ഈ കാഴ്ചകൾ ഇന്ന് സർവ്വസാധാരണമാണ്. കാരണം എല്ലാവരും ഈ സേവനം പ്രയോജനപ്പെടുത്തുകയാണ്. വളർന്നുകൊണ്ടിരിക്കുന്ന ഓൺലൈൻ ഷോപ്പിംഗ്/ഡിജിറ്റൽ വ്യാപാരരംഗത്ത് തൊഴിലെടുക്കുന്ന യുവാക്കളാണ് അവർ. കോവിഡ്-19

വ്യാപനം കുറയ്ക്കുന്നതിനായി ലോകരാജ്യങ്ങളെല്ലാം സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചപ്പോഴും സജീവമായിരുന്നതാണ് ഓൺലൈൻ വ്യാപാരമേഖല. 1995-ൽ ഇന്റർനെറ്റ് ആവിർഭവിച്ചതോടുകൂടിയാണ് ഭാരതത്തിൽ ഓൺലൈൻ ഷോപ്പിംഗ് ആരംഭിച്ചത്. തുടക്കത്തിൽ ഈ മേഖലയുടെ വളർച്ച മന്ദഗതിയിലായിരുന്നു. വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങൾ കണ്ട്, തൊട്ടുനോക്കി, വിലപേശി വാങ്ങി ശീലമുള്ള യാഥാസ്ഥിതികരായ ജനങ്ങൾ ഓൺലൈൻ ഷോപ്പിംഗിലേയ്ക്ക് വരാൻ വിമുഖത കാണിച്ചു. ഇന്റർനെറ്റ് എല്ലാപ്രദേശങ്ങളിലും ലഭ്യമായ 1999-2000-ഓടുകൂടി കൂടുതൽ ജനങ്ങൾ ഈ മേഖല തെരഞ്ഞെടുക്കാൻ തുടങ്ങി. സമീപകാലത്തായി ഓൺലൈൻ റീട്ടെയിൽ വ്യാപാരം കേരളത്തിൽ വലിയ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രത്യേകിച്ചും കോവിഡ് പശ്ചാത്തലത്തിൽ ഭക്ഷണമുൾപ്പെടെ ഓൺലൈനായി ഓർഡർ ചെയ്ത് വരുത്തുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. ഉയർന്ന നിരക്കിലുള്ള കമ്പ്യൂട്ടർ സാക്ഷരതയും മൊബൈൽഫോൺ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവും ഈ മേഖലയുടെ വളർച്ചയ്ക്ക് കാരണമായി. കേരളത്തിലെ 3.3 കോടി ജനങ്ങളിൽ 3.1 കോടി

ജനങ്ങളും മൊബൈൽ ഫോണും ഏതാണ്ട് 54 ശതമാനംപേർ ഇന്റർനെറ്റും ഉപയോഗിക്കുന്നവരാണ്. 2019-20 വർഷത്തിൽ കേരളത്തിൽ നടന്ന റീട്ടെയിൽ വ്യാപാരത്തിന്റെ 32 ശതമാനവും ഓൺലൈനിലൂടെയായിരുന്നു. ഇതിൽനിന്നും ഈ മേഖല എത്രമാത്രം വിപുലമായിക്കൊണ്ടിരിക്കുന്നുവെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ? ഏകദേശം 68.4 ദശലക്ഷം ഡോളറിന്റെ വ്യാപാരമാണ് നടന്നിട്ടുള്ളത്. ഈ കോവിഡ് പശ്ചാത്തലത്തിൽ ഇത്തരം സേവനങ്ങളുടെ ആവശ്യകതയും അനിവാര്യതയും പ്രത്യേകം ഓർമ്മിപ്പിക്കേണ്ട കാര്യമില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വളരെ പ്രധാനപ്പെട്ട ബില്ലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിക്കുന്നത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠനംപോലെ ഓൺലൈൻ വ്യാപാരവും വളരെയധികം വ്യാപിച്ചിരിക്കുകയാണ്. ഓൺലൈൻ രംഗത്ത് നിലനിൽക്കുന്ന നിരവധി തട്ടിപ്പുകൾ ഒരു ബിൽ കൊണ്ടുവരുന്നതിലൂടെ ഇല്ലാതാക്കാൻ കഴിയും. ആ രീതിയിലുള്ള പ്രസക്തി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ഏതുകാര്യത്തിലുമെന്നപോലെ ഇതിലും ഗുണവും ദോഷവുമുണ്ട്. ഇപ്പോൾ ധാരാളം ഓൺലൈൻ തട്ടിപ്പുകൾ സമൂഹത്തിൽ നടക്കുന്നുണ്ട്, അതുമായി ബന്ധപ്പെട്ട നിരവധി വാർത്തകളും വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണമുണ്ടായാൽ, അത്തരം തട്ടിപ്പുകളെ പ്രതിരോധിക്കാൻ സാധിക്കും. ഈ രംഗത്ത് ആത്മാർത്ഥമായി ജോലിചെയ്യുന്ന, ഈ മേഖലകൊണ്ട് ഉപജീവനം നടത്തുന്ന തൊഴിലാളികളെ സംരക്ഷിച്ച് മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാകും. അപകട സാധ്യതകളുണ്ടായിരുന്നിട്ടും കോവിഡ് സമയത്ത് ഡെലിവറി ബോയ്സ് അവരുടെ കടമയാണെന്ന് കണക്കാക്കി, കോവിഡിനെ വകവകവയ്ക്കാതെ, ജോലിയുമായി ബന്ധപ്പെട്ട് സജീവ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയായിരുന്നു. അതിനിടെ കോവിഡ് ബാധിച്ചതും അവശനിലയിലായതും മരണപ്പെട്ടതുമായ നിരവധിപേരുണ്ട്. അവരുടെ സ്ഥാപനങ്ങളിൽനിന്നും അവർക്ക് ഒരു പരിരക്ഷയും ലഭിച്ചില്ലെന്നുമാത്രമല്ല,.......

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, നാട്ടിലെ കച്ചവടക്കാർ ഓൺലൈൻ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്ന നിലപാടുള്ളവരാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഈ അവസരത്തിൽ ഇതുസംബന്ധിച്ച തർക്കങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ എല്ലാ മേഖലകളിലും ഓൺലൈൻ വ്യാപാരത്തിന്റെയും സേവനത്തിന്റെയും പ്രവർത്തനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ച് ഞാൻ പിന്നീട് പറയാം. ഭാവിയിൽ ഇതിൽനിന്നും ആർക്കും മാറിനിൽക്കാൻ സാധിക്കില്ല. വാടകകൊടുത്ത് നിയമാനുസൃതമായി കച്ചവടം നടത്തുന്നവർക്ക് ഇതിൽ എതിർപ്പുകളുണ്ടാകാം. പക്ഷേ വളർന്നുവരുന്ന മേഖല എന്ന രീതിയിൽ ഇപ്പോൾ ഇതിനെ എതിർക്കുന്നവർക്കും നാളെ ഇതിൽനിന്നും മാറിനിൽക്കാൻ സാധിക്കില്ല. അവരും ഈ സേവനം പ്രയോജനപ്പെടുത്തേണ്ടി വരും.

<u>ശ്രീ. വി. ജോയി</u>: സർ, ഓൺലൈനായി ഭക്ഷണമെത്തിക്കുന്നതു സംബന്ധിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഏത് പട്ടണത്തിൽപോയാലും പ്രധാനപ്പെട്ട ഹോട്ടലുകൾ കേന്ദ്രീകരിച്ച് Swiggy-യുടെയും മറ്റും

വർക്കർമാരായി നിരവധി ചെറുപ്പക്കാർ ബാഗും തൂക്കി നിൽക്കുകയാണ്. ഇവരാണ് ഹോട്ടലുകളിൽനിന്നും വീടുകളിൽ ഭക്ഷണമെത്തിക്കുന്നത്. അവരെക്കൂടി ഇതിന്റെ ഭാഗമാക്കാൻ സാധിക്കുമോ; നിലവിൽ നൂറുകണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരാണ് ആ ജോലിയുമായി ബന്ധപ്പെട്ട് നിൽക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഓൺലൈൻ വ്യാപാരത്തിന്റെ ഭാഗമായി വരുന്ന തൊഴിലാളികളുടെ സംരക്ഷണമാണ് ഈ ബില്ലിലൂടെ അങ്ങ് അവതരിപ്പിക്കുന്നത്. പക്ഷേ ഇന്നലെകളിൽ നമുക്കുണ്ടായിരുന്ന ചന്തകളിൽ കേവലം സാമ്പത്തികപരമായ വിനിമയം മാത്രമല്ല നടത്തിയിരുന്നത്, അവ സാമൂഹികവും സാംസ്കാരികപരമായ വിനിമയകേന്ദ്രങ്ങളായിരുന്നു. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അവയെല്ലാം കോർപ്പറേറ്റ്വൽക്കരിക്കുക എന്ന ലക്ഷ്യത്തോടുകൂടി അവർക്ക് മാത്രമായി വിലപേശാനുള്ള അധികാരത്തിൽക്കൊണ്ടെത്തിക്കുന്ന ഓൺലൈൻ വ്യാപാരത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ. കെ. വിജയൻ: സർ, എന്റെ ചെറുപ്പകാലത്തെ കാര്യം എനിക്കോർമ്മയുണ്ട്. നമ്മുടെ നാട്ടിലൊക്കെ നെയ്ത്ത് കേന്ദ്രങ്ങളിൽനിന്നും

തോർത്തുമുണ്ട്, ലുങ്കി, സാരി, ബെഡ്ഷീറ്റ് എന്നിവയെല്ലാം കൊണ്ടുവരുമായിരുന്നു. എന്നുപറഞ്ഞാൽ, വളരെ വർഷങ്ങൾക്കുമുമ്പേ കേരളത്തിൽ നിലനിന്നതാണ് ഈ ഓൺലൈൻ മാർക്കറ്റിംഗ്. തീർച്ചയായും വളരെ കാലികപ്രസക്തമായൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഈ ബില്ലിലൂടെ സൂചിപ്പിക്കുന്നത്. കോവിഡിന്റെ കാലയളവിലാണ് മിക്കവാറും എല്ലാ വീട്ടുകാരും മരുന്നും പച്ചക്കറികളും മറ്റ് അത്യാവശ്യ സാധനങ്ങളുമൊക്കെ എത്തിക്കുന്നതിന് ഈ സിസ്റ്റത്തെ ആശ്രയിക്കേണ്ടിവന്നത്. അതുകൊണ്ട് ഇത്തരമൊരു ജോലി, ഏത് പ്രതിസന്ധിയിലും പ്രത്യേകിച്ച് ഈ കോവിഡ് മഹാമാരിയുടെ കാലത്ത് നമ്മുടെ വീടുകൾ അനാഥമായിപ്പോകാതിരിക്കാനുള്ള വലിയൊരു കരുതലാണ് ഈ തൊഴിലാളികൾ ചെയ്തിരുന്നത്. അക്കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വളരെ പ്രധാനപ്പെട്ട, ഇന്ന് ശക്തിപ്പെട്ടുവരുന്ന ഒരു തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണവും ക്ഷേമനിധിയും കൊടുക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഇവിടെ നമ്മൾ കാണേണ്ടത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയാണ്. ഏത് പുതിയ തൊഴിൽ മേഖല വരുമ്പോഴും അതിലെ തൊഴിലാളികൾക്ക് ക്ഷേമനിധി വേണമെന്ന് പറയുമ്പോൾ സ്ഥിരം പറയുന്നൊരു മറുപടിയാണ് The Kerala Shops and Commercial Establishments Act-ന്റെ പരിധിയിലേയ്ക്ക് ഇവരെയൊക്കെ കൊണ്ടുവരാമെന്നത്. അത് പരിശോധിക്കേണ്ട കാര്യമാണ്. The Kerala Shops and Commercial Establishments Act-ന്റെ പരിധിയിൽ എല്ലാകാര്യങ്ങളും കൊണ്ടുവരാൻ കഴിയണമെന്നില്ല. പുതിയ തൊഴിൽ മേഖലകൾ വളർന്നുവരുമ്പോൾ, പ്രത്യേകിച്ച് ശ്രീ. ഇ. കെ. വിജയൻ സൂചിപ്പിച്ചതുപോലെ പഴയ കാലത്തുതന്നെ...

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, ശ്രീ. എൻ. ഷംസുദ്ദീൻ, പ്ലീസ് കൺക്ലൂഡ്..

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പറഞ്ഞുവരുന്ന പോയിന്റ് പൂർത്തിയാക്കട്ടെ. വീടുകളിൽകൊണ്ടുവന്ന് വാതിൽപ്പടി വിതരണം നടത്തുന്ന കച്ചവടങ്ങൾ പഴയ കാലത്തുതന്നെയുണ്ട്. വള, തുണികൾ എന്നിവയൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ കോവിഡ് വന്നപ്പോൾ എല്ലാ മേഖലയിലേയ്ക്കും ഓൺലൈൻ വ്യാപാരം ശക്തിപ്പെട്ടുവരികയാണ്. നമുക്ക് ഇഷ്ടപ്പെട്ടാലും

ഇല്ലെങ്കിലും ശരി, കച്ചവടക്കാരുടെ എതിർപ്പ് ഉണ്ടായാലും ഇല്ലെങ്കിലും ശരി, അതൊരു യാഥാർത്ഥ്യമാണ്. ഈ രംഗത്ത് പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവർക്ക് സംരക്ഷണമേകാൻ പ്രത്യേകമായൊരു ക്ഷേമനിധിയും ഒരു ആക്ടും ഉണ്ടാകുന്നത് തന്നെയാണ് ഉചിതമെന്ന അങ്ങയുടെ വാദത്തെ ഞാൻ സപ്പോർട്ട് ചെയ്യുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എസ്. സുപാൽ, സമയക്കുറവുമൂലം അങ്ങയുടെ ബില്ലിന്റെ തുടർ ചർച്ച മറ്റൊരു അവസരത്തിലേയ്ക്ക് മാറ്റി വയ്ക്കാം.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഒരുകാര്യംകൂടി സൂചിപ്പിക്കാനുണ്ട്. കോർപ്പറേറ്റ്വൽക്കരണത്തിന് ശക്തമായ എതിരഭിപ്രായമുള്ള വ്യക്തിയാണ് ഞാൻ. ഒരുതരത്തിലുമുള്ള കോർപ്പറേറ്റ്വൽക്കരണം ഉണ്ടാകാൻ പാടില്ല എന്നതാണ് നമ്മുടെ നിലപാട്. എന്നാൽ യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യമായി കണ്ടുപോകാതിരിക്കാൻ നമുക്ക് കഴിയില്ല. ഇവിടെ ബഹുമാനപ്പെട്ട നാദാപുരം അംഗം ഉൾപ്പെടെ പറഞ്ഞതുപോലെ, ഇപ്പോഴുള്ള നിലയിൽ അല്ലെങ്കിലും പണ്ടുമുതൽതന്നെ പല രൂപത്തിൽ ഇത്തരത്തിലുള്ള സേവനങ്ങൾ ഉണ്ടായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അത് നടന്നുവരികയാണ്. ഇപ്പോൾ ഞാൻ നിർത്തുകയാണ്. ചർച്ച തുടരുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

## (ii) 2021-ലെ കേരള ശുദ്ധ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ശുദ്ധ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റിയുടെ രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഈ ബില്ലിന്റെ സ്പിരിറ്റിനെ ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്. ശുദ്ധജലം എല്ലാവർക്കും കൊടുക്കണമെന്നുള്ള ആവശ്യം ബില്ലിൽ പറയുന്നുണ്ട്. അതിനോട് ഗവൺമെന്റിന് യോജിപ്പാണുള്ളത്. ഇപ്പോഴുള്ള സംവിധാനത്തിലൂടെ അത് മെച്ചപ്പെട്ട രീതിയിൽ കൊടുക്കാനുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു പ്രത്യേക അതോറിറ്റി രൂപീകരിച്ച് ശുദ്ധജലം കൊടുക്കേണ്ട സ്ഥിതി ഇപ്പോഴില്ലെന്നാണ് ഗവൺമെന്റ് കാണുന്നത്. തന്നെയുമല്ല അതിനുവേണ്ടി അധിക സാമ്പത്തിക ബാധ്യതയും വരും. ശുദ്ധജലം കൊടുക്കണമെന്ന

കാര്യത്തിൽ തർക്കമില്ല. ജനങ്ങൾക്ക് നല്ല വെള്ളം ലഭിക്കാനുള്ള സംവിധാനമുണ്ടാകണം. മിക്കവാറും എല്ലാ പകർച്ചവ്യാധികളും പടരുന്നതിന്റെ പ്രധാനപ്പെട്ട കാരണം ശുദ്ധജലം ലഭിക്കാത്തതാണ്. ശുദ്ധജലം കൊടുക്കണമെന്ന നിലപാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് എല്ലാ ജനവിഭാഗങ്ങൾക്കും ശുദ്ധജലം കൊടുക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അധിക സാമ്പത്തിക ബാധ്യതകൂടി കണക്കിലെടുത്തുകൊണ്ട് ഇപ്പോൾ ഈ ബിൽ അംഗീകരിക്കേണ്ടതില്ല എന്നാണ് ഗവൺമെന്റിനുവേണ്ടി പറയാനുള്ളത്.

<u>ശ്രീ. പി. ടി.തോമസ്</u>: സർ, വളരെ നിരാശാജനകമായ ഒരു മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായത്. ഇത് അനിവാര്യമാണെന്ന് സമ്മതിക്കുകയും എന്നാൽ ഇപ്പോൾ ആവശ്യമില്ലെന്ന് പറയുകയും ചെയ്യുന്നത് വൈരുദ്ധ്യമാണ്. യഥാർത്ഥത്തിൽ വരാൻ പോകുന്ന നിരവധി തലമുറകളെ ബാധിക്കുന്ന ഗുരുതരമായൊരു വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്.

കേരളത്തിൽ വർദ്ധിച്ചുവരുന്ന മലിനീകരണംമൂലം ശുദ്ധമായ കുടിവെള്ള ലഭ്യത ക്രമാതീതമായി കുറഞ്ഞുവരികയാണ്. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ഇപ്പോൾത്തന്നെ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇക്കാര്യങ്ങൾ അടിയന്തരമായി പരിഗണിച്ച് കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയേണ്ടത് ആവശ്യമാണ്. ജനങ്ങൾക്ക് ശുദ്ധജലം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. വാട്ടർ അതോറിറ്റി വെള്ളം കൊടുക്കുന്നുണ്ടെങ്കിലും ഇനിയും ഏകദേശം 50 ലക്ഷത്തോളം കുടിവെള്ള പൈപ്പ് കണക്ഷനുകൾ കൊടുക്കാനുണ്ടെന്നാണ് ഏകദേശ കണക്ക്. വളരെ ചെറിയ അളവിൽ മാത്രമേ നമ്മൾ കൊടുത്തിട്ടുള്ളൂ. പൈപ്പിൽ കൊടുക്കുന്ന വെള്ളത്തിന്റെ മാത്രമല്ല, നമ്മുടെ കിണറുകൾ, കുളങ്ങൾ, തോടുകൾ, ജലാശയങ്ങൾ, നദികൾ ഇതെല്ലാം വലിയ തോതിൽ മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഒരു അതോറിറ്റി രൂപീകരിച്ചാൽ പ്രശ്നം പരിഹരിക്കാൻ കഴിയും. അതിന് വലിയ ചെലവൊന്നും വരുന്നില്ല.

ഈ സഭയിൽ പലവട്ടം ഉദ്ധരിച്ചിട്ടുള്ളൊരു കാര്യമാണ്. പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരനായ Samuel Taylor Coleridge-ന്റെ 'The Ancient Mariner' എന്ന കവിതയിലെ "...Water, water, everywhere, Nor any drop to drink." എന്ന വാക്കുകൾ. അത് സർവ്വസാധാരണയായി ഉച്ചരിക്കുന്ന ഒന്നാണ്. "വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിപ്പാനില്ലത്രേ" എന്നത് സമുദ്ര യാത്രക്കാരൻ അഭിമുഖീകരിച്ച ബുദ്ധിമുട്ടായിട്ടാണ് കവിതയിൽ പ്രതിപാദിക്കുന്നതെങ്കിലും ഇപ്പോഴത് എല്ലാ ജനങ്ങളും അഭിമുഖീകരിക്കുന്നൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഈ വരികളെ അന്വർത്ഥമാക്കുന്നവിധത്തിൽ 97 ശതമാനവും വെള്ളത്താൽ വലയം ചെയ്യപ്പെട്ട ഭൂമിയിൽ ദാഹജലത്തിനായുള്ള ഓട്ടത്തിലാണ് മനുഷ്യൻ. ജലത്തിന്റെ നീരുറവകൾ മണ്ണിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജലത്തിനായി ഒരു ദിനം, ഓരോ തുള്ളി ജലവും പാഴാക്കാതെ ഉപയോഗപ്പെടുത്താനുള്ള ഓർമ്മപ്പെടുത്തൽ, 1992-ൽ ബ്രസീലിലെ Rio de Janeiro-ൽ ചേർന്ന യു.എൻ. സമ്മേളനത്തിൽ തീരുമാനിക്കുകയുണ്ടായി. അതിനുശേഷം ഇങ്ങോട്ട് ധാരാളം ചർച്ചകളും കാര്യങ്ങളുമൊക്കെ നടന്നു. അതിന്റെ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്തു. ഇന്ന്

ജലത്തെ തീവ്ര ഭീഷണിയിലാക്കിയിരിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ട്. വെള്ളമെന്ന മഹത്തായ ആഗ്രഹം, അനുഗ്രഹം.. മനുഷ്യന്റെ ആർത്തിമൂലം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. മണ്ണിനും ജീവനും ആവശ്യമായ ജലത്തിന്റെ ക്ഷാമത്തെ അതിജീവിക്കാനുള്ള കണ്ടെത്തലുകൾ എങ്ങുമെത്തിയിട്ടുമില്ല. തീർച്ചയായും ജീവൻ നിലനിർത്താൻ വെള്ളം അത്യാവശ്യമാണ്. കൂടാതെ തൃപ്തികരമായ രീതിയിൽ സുരക്ഷിതമായ ജലം എല്ലാപേർക്കും വിതരണം ചെയ്യാൻ സാധിക്കുകയും വേണം, അത് ഗവൺമെന്റിന്റെ കടമയുമാണ്. സുരക്ഷിതമായ കുടിവെള്ളം ലഭിക്കുക എന്നത് ആരോഗ്യകരമായ ജീവിതത്തിന് എപ്പോഴും സഹായകരമായിരിക്കും. ജലജന്യരോഗത്തിന്റെ ഏറ്റവും വലിയ അപകട സാധ്യത ശിശുക്കൾക്കാണ്. ജലജന്യരോഗങ്ങളായ എലിപ്പനി, വയറിളക്കം, കോളറ, പോളിയോ, ടൈഫോയിഡ്, വയറുകടി, മഞ്ഞപ്പിത്തം, ഹെപ്പറ്റൈറ്റിസ്, അതോടൊപ്പംതന്നെ ഇന്ന് നമ്മൾ കോടാനുകോടി രൂപ ചെലവഴിക്കുന്ന കിഡ്നി സംബന്ധമായ രോഗങ്ങൾ, ഡയാലിസിസിനുവേണ്ടി എത്രയോ കോടി രൂപയാണ് ചെലവഴിക്കുന്നത്. പഞ്ചായത്തുതോറും നൂറ് കണക്കിന് ഡയാലിസിസ് രോഗികളാണുള്ളത്.

ഇതെല്ലാം നമ്മുടെ കുടിവെള്ളത്തിൽ അടങ്ങിയിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾമൂലം ഉണ്ടായിട്ടുള്ളതാണ്. ബലഹീനരായ ആളുകൾ, പ്രായമായവർ, പ്രത്യേകിച്ചും ശിശുക്കൾ, വൃത്തിഹീനമായ സാഹചര്യങ്ങളിൽ ജീവിക്കുമ്പോൾ സാധാരണയായി ജലജന്യരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അവരെ പരിരക്ഷിക്കുന്നതിന് അധിക നടപടികൾ കൈക്കൊള്ളേണ്ടിവരാം. പ്രത്യേകിച്ച് ജലജന്യ രോഗങ്ങളെ നശിപ്പിക്കാനായി പലവിധ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതുണ്ട്. സുരക്ഷിതമായ കുടിവെള്ളമാണ് എല്ലാ സാധാരണ ഗാർഹിക ആവശ്യങ്ങൾക്കും അത്യാവശ്യമായിട്ടുള്ളത്. കുടിവെള്ളത്തിലെ ഘടകങ്ങളായ നിറം, കലക്കൽ, പി.എച്ച്., ക്ലോറിൻ, കാഠിന്യം, സൾഫേറ്റ്, നൈട്രേറ്റ്, ഫ്ലൂറൈഡ്, കാത്സ്യം, മഗ്നീഷ്യം, കോപ്പർ, കാഡ്മിയം, ആർസനിക്, ഇരുമ്പ്, ലെഡ്, മെർക്കുറി, ക്രോമിയം, കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ ഇതെല്ലാം ഇന്ന് കുടിവെള്ളത്തിന്റെ ഭാഗമായി നമ്മളിലെത്തുകയാണ്. ലോകാരോഗ്യസംഘടന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല രാജ്യങ്ങളും അവരുടെ ഭൂപ്രകൃതി, കാലാവസ്ഥ

എന്നിവയെ അടിസ്ഥാനമാക്കി കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനായി സ്വന്തം നിലപാടുകൾ ധാരാളമായി സ്വീകരിച്ചിട്ടുണ്ട്. 2030-ഓടെ കൈവരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഐക്യരാഷ്ട്ര സഭയുടെ മുദ്രാവാക്യം "എല്ലാപേർക്കും ശുദ്ധജലവും ശുചിത്വവും" എന്നതാണ്. ഇന്ന് 2021 ആയിരിക്കുന്നു 9 വർഷത്തിനകം എല്ലാപേർക്കും ശുദ്ധജലവും ശുചിത്വവുമെന്ന വലിയ സങ്കൽപ്പം നമുക്ക് നടപ്പിലാക്കിയെടുക്കേണ്ടതുണ്ട്. ജലത്തിന്റെ ഗുണമേന്മയിൽ യാതൊരു കുറവും ഏൽപ്പിക്കാതിരിക്കുക എന്നത് ഇതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ദ്രവ മാലിന്യങ്ങളിൽനിന്ന് വമിക്കുന്ന വിഷവാതകങ്ങൾ, ഗുരുതരമായ പാരിസ്ഥിതിക മലിനീകരണത്തിന് കാരണമാകുന്നുവെന്നത് നമ്മൾ പലപ്പോഴും വിസ്മരിക്കുകയാണ്. കേരളത്തിലെ നദികൾ നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളിലൊന്നാണ് സംസ്കരിക്കാത്ത മലിനജലം പുറംതള്ളുന്നത്. ഇത് നദികളുടെ ജൈവമലിനീകരണത്തിന് കാരണമാകുന്നു. കണക്കാക്കിയ എല്ലാ സൂചികകളും നദികളിലെ ജൈവ മലിനീകരണം റിപ്പോർട്ട് ചെയ്യുന്നു. മൺസൂൺ മഴയുടെ തുടക്കത്തിനുശേഷം നദികളിൽ മലിനീകരണം വർദ്ധിക്കുന്നതായി ആൽഗൽ കമ്മ്യൂണിറ്റി ഘടനയും

അവയുടെ കാലിക ചലനാത്മകതയും സൂചിപ്പിക്കുന്നു. മൺസൂണിനുശേഷം പോഷക നദികളിൽനിന്നും കനാലുകളിൽനിന്നും ആവശ്യമായ അളവിൽ ജൈവ വസ്തുക്കൾ ഒഴുകിയെത്തുന്നു. നദിയിലെ ജൈവ മലിനീകരണത്തിന് മലിനജല ഓടകളും കാരണമാകുന്നു. ഇത്തരമുള്ള ഗുരുതരമായ മലിനീകരണ പ്രശ്നങ്ങൾ നമ്മുടെ നദികൾ നേരിടുകയാണ്. അതോടൊപ്പം വലിയ തോതിലുള്ള രാസ മാലിന്യങ്ങളും ഇന്ന് നമ്മുടെ നദികളിൽ എത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: ബഹുമാനപ്പെട്ട അംഗം എപ്പോഴും നദികൾക്കുവേണ്ടിയും പരിസ്ഥിതിക്കുവേണ്ടിയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാളാണ്. സംസ്ഥാനത്ത് 44 നദികളുണ്ട്, എന്റെ മണ്ഡലമായ പെരുമ്പാവൂർ ഉൾപ്പെടുന്ന എറണാകുളം ജില്ലയിലെ നാല് നദികളിൽ, ഏറ്റവും പ്രധാനപ്പെട്ടതാണ് പെരിയാർ, അതും വളരെ മോശപ്പെട്ട അവസ്ഥയിലായിരിക്കുന്നു. മൂവാറ്റുപുഴയാറും ഏറ്റവും മോശപ്പെട്ട അവസ്ഥയിലായി, മറ്റൊന്ന് കോണോത്ത് പുഴയാണ്, അങ്ങേയ്ക്കറിയാം കോണോത്ത് പുഴ ഇപ്പോൾ എറണാകുളത്ത് കാണാനില്ല. കൊച്ചിക്കായലിനേയും വേമ്പനാട്ട് കായലിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന

പ്രശസ്തമായൊരു പുഴയായിരുന്നു ഇത്. അതിൽ മാലിന്യങ്ങൾ കുമ്പാരമായതിന്റെ ഫലമായി പുഴതന്നെ അപ്രത്യക്ഷമാകുന്ന അവസ്ഥയുണ്ടായി. മറ്റൊന്ന് കടമ്പ്രയാറാണ്, കടമ്പ്രയാറ് ഇന്ന് ഏഷ്യയിലെ തന്നെ ഏറ്റവും മലിനപ്പെട്ട നദിയായി മാറിയിരിക്കുന്നു. ഈ നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ കടമ്പ്രയാർ ജലമലിനീകരണം സംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ അങ്ങ് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ മെമ്പറുടെ ഈ കാര്യത്തിലുള്ള താൽപ്പര്യം എനിക്ക് മനസ്സിലാകുമെന്നാണ് പറഞ്ഞത്, കൃത്യമായ മറുപടിപോലും പറഞ്ഞില്ല. സ്വാഭാവികമായിട്ടും എന്തുകൊണ്ടാണ് അങ്ങ് ഇത്രയും രീതിയിൽ നദികളും ജലവും സംരക്ഷിക്കണമെന്ന് പറയുമ്പോഴും ഗവൺമെന്റ് ആ തരത്തിലുള്ള മറുപടി തന്നതെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം പ്രസക്തമാണ്, പ്രകൃതി വളരെ സങ്കീർണ്ണമായ ഒരു വിഷയമാണ്. ആരോഗ്യത്തോടെ ജീവിക്കണമെങ്കിൽ ക്ലീൻ എയർ, ക്ലീൻ വാട്ടർ, ക്ലീൻ സോയിൽ എന്നത് ലോകമെമ്പാടും അംഗീകരിക്കുന്ന കാര്യമാണ്. ഞാൻ പ്രകൃതിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും ശക്തമായ

നിലപാടെടുത്തിട്ടുള്ള ഒരു വ്യക്തിയാണ്. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ കേരളത്തിലെ പല ജനപ്രതിനിധികളും മൗനം ദീക്ഷിച്ചപ്പോഴും, മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനുവേണ്ടി വളരെ ശക്തമായൊരു നിലപാടെടുത്ത വ്യക്തിയാണ് ഞാൻ. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എന്റെ നിയോജകമണ്ഡലത്തിലെ കടമ്പ്രയാർ നദിയെ വലിയ തോതിൽ പൊല്യൂട്ട് ചെയ്യുന്ന ഒരു കമ്പനിക്കെതിരെയാണ് ഞാൻ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുമുൻപിൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചത്. എന്നാൽ നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദ്വയാർത്ഥത്തിലാണ് മറുപടി പറഞ്ഞത്. യഥാർത്ഥത്തിൽ ആ കടമ്പ്രയാറിനെ മലിനപ്പെടുത്തുന്ന കിറ്റെക്സ് എന്ന കമ്പനി റിവേഴ്സ് ഓസ്മോസിസ് പ്രോസസ്സിലൂടെ റിജക്റ്റഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എസ്.) സ്ഥാപിച്ച് സീറോ ലിക്വിഡ് ഡിസ്ചാർജ്ജായി അവിടത്തെ മാലിന്യം പുറത്തേക്ക് വിടണമെന്ന ആവശ്യം മാത്രമേ ഞാൻ മുന്നോട്ടുവച്ചുള്ളൂ. അത് ഫാക്ടറി പൂട്ടാൻ വേണ്ടിയുള്ള നീക്കമാണെന്ന് ദുർവ്യാഖ്യാനം ചെയ്യുകയുണ്ടായി. യഥാർത്ഥത്തിൽ 1000 വർഷം കഴിഞ്ഞാലും ആ കടമ്പ്രയാറിൽ അടിഞ്ഞുകൂടുന്ന മാലിന്യം മാറ്റാൻ കഴിയില്ല,

നശിപ്പിക്കാൻ കഴിയില്ലെന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചത് ഇപ്പോൾ നിലനിൽക്കുന്ന ആളുകൾക്കും വരാൻ പോകുന്ന തലമുറയ്ക്കുംവേണ്ടിയുള്ള ഒരു നല്ല ഉദ്ദേശ്യത്തോടെയാണ്. അതിനെ രാഷ്ട്രീയ ഉദ്ദേശ്യത്തോടെ കാണാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായത്. അതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, നമ്മുടെ പുഴകളിലേയ്ക്ക് രാസമാലിന്യം ഒഴുക്കിവിടുന്നവർ, നമ്മുടെ പുഴകളെ മലിനീകരിക്കുന്നവർ...., അങ്ങ് തന്നെ ഇവിടെ പെരിയാറിനെപ്പറ്റി പറഞ്ഞു, പെരിയാറിനെപ്പറ്റി ഒരു പഠനം നടന്നിട്ടുണ്ട്.

പെരിയാറിന്റെ ഉത്ഭവം മുതൽ ആലുവവരെയുള്ള മേഖലകളിലെ പെരിയാറിന്റെ തീരത്തുകൂടി നടന്ന്, പെരിയാറിനെ വർഷങ്ങൾക്കുമുൻപ് പരിശോധിച്ച ഒരു പാരിസ്ഥിതിക സംഘത്തോടൊപ്പം കുറച്ച് സഞ്ചരിച്ചിട്ടുള്ള ആളാണ് ഞാൻ. അതുകൊണ്ട് ഞാൻ പറയാം, എറണാകുളം നഗരത്തിലെയടക്കം കുടിവെള്ളസ്രോതസ്സായി നിൽക്കുന്ന പെരിയാറിൽ എല്ലാ മാർക്കറ്റിലേയും മാലിന്യം അടിഞ്ഞുകൂടുന്നു. കൃഷിക്കുവേണ്ടി വലിയ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി പുഴ മലിനപ്പെടുന്നു. വാഹനങ്ങളുടെ വർക്ക്ഷോപ്പുകളിൽനിന്ന് ധാരാളമായി

മാലിന്യങ്ങൾ പുഴയിലേയ്ക്ക് വരുന്നു. അറവുശാലകളിൽനിന്ന് മാലിന്യങ്ങൾ വരുന്നു. ഇവ പെരിയാർ നദിയെ വലിയതോതിൽ മലിനപ്പെടുത്തുന്നുവെന്ന് CWRDM-ന്റെ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഞാൻ ചൂണ്ടിക്കാണിക്കുന്ന കാര്യം, ഏതെങ്കിലുമൊരു സാമ്പത്തിക ലാഭത്തിനുവേണ്ടി, ഏതെങ്കിലും ഒരു കമ്പനിയുടെ നടത്തിപ്പിനുവേണ്ടി, ഏതെങ്കിലും താൽക്കാലികമായ കോടികളുടെ നേട്ടത്തിനുവേണ്ടി, വരാൻ പോകുന്ന നിരവധി നൂറ്റാണ്ടുകളിൽ ഇവിടെ ജീവിക്കേണ്ട തലമുറയുടെ കുടിവെള്ള സ്രോതസ്സിനെ മലിനമാക്കുന്ന നടപടി യാതൊരു മാപ്പും അർഹിക്കാത്തതാണ്. ഞാൻ ഇത് പറഞ്ഞതിന്റെ പേരിൽ വിദേശത്തിരുന്ന് ധാരാളമാളുകൾ എന്നോട് മോശമായി സംസാരിച്ചു. സോഷ്യൽ മീഡിയയിൽ എനിക്കെതിരെ പോസ്റ്റ് വന്നു. പക്ഷെ വിദേശത്തിരുന്ന് അങ്ങനെ മോശമായി പെരുമാറുന്ന ആളുകൾക്കറിയാം, അവർ ഇപ്പോൾ ജോലി ചെയ്യുന്ന ആ നാട്ടിൽ ഇങ്ങനെയൊരു സംഭവമുണ്ടായാൽ 25-30 വർഷം അവർ ജയിലിൽ കിടക്കേണ്ടി വരും. എന്നാൽ ഈ വസ്തുത കാണുന്നില്ല, താൽക്കാലികമായ നേട്ടമാണ്, ഈ താൽക്കാലികമായ നേട്ടത്തിനുവേണ്ടി ഞാൻ നിയമസഭയെ സാക്ഷിനിർത്തി പറയുന്നു, ഇന്നല്ലെങ്കിൽ നാളെ ഗുരുതരമായ നിലപാടുകൾ

ഗവൺമെന്റ് ശുദ്ധജലം ഉറപ്പാക്കാൻ, ജലമലിനീകരണം അവസാനിപ്പിക്കാൻ, നമ്മുടെ 44 നദികളും ചെറിയ തോട്ടുകളും ലക്ഷക്കണക്കിന് കിണറുകളും തോട്ടുകളും കുളങ്ങളും നീരുറവകളും സംരക്ഷിക്കാൻ തുനിയുന്നില്ലെങ്കിൽ കോടാനുകോടി രൂപ മുടക്കി ആളുകളെ ചികിത്സിപ്പിക്കുന്ന ഒരു ഭ്രാന്താലയം പോലെ കേരളം രോഗികളുടെ പിള്ളത്തൊട്ടിലായി മാറും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ ജലശുദ്ധീകരണം കേവലം കുറെ കുമ്മായം വിതറുന്ന പണിയായി മാത്രം മാറിയിരിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u> അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കാരണം ശുദ്ധജലം അതിജീവനത്തിന് അല്ലെങ്കിൽ നമ്മുടെ ജീവൻ നിലനിർത്താൻ വളരെ പ്രധാനപ്പെട്ടതാണ്. അതിൽ കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ നമ്മളെല്ലാപേരും അതിനുവേണ്ടി പ്രവർത്തിക്കേണ്ടതുതന്നെയാണ്. എറണാകുളം പോലെയുള്ള സ്ഥലത്ത് പെരിയാർ അടക്കം മലിനമാകുന്നത് വ്യാപാര സ്ഥാപനങ്ങളിൽനിന്നും വലിയ ഇൻഡസ്ട്രീസിൽ നിന്നുമാണ്. എന്നാൽ ഭാരതപ്പുഴ അടക്കമുള്ള പല പുഴകളും മലിനമാകുന്നത് വലിയ ഇൻഡസ്ട്രീസിൽനിന്ന് അല്ലായിരിക്കും,

പക്ഷെ ആളുകളുടെ ഒരു ആറ്റിറ്റ്യൂഡ് എല്ലാ വേസ്റ്റുകളും പുഴയിലേയ്ക്കാണ് തള്ളേണ്ടത്, അത് കടലിൽ പൊയ്ക്കോളും എന്നാണ്. നമുക്കറിയാം മുനിസിപ്പാലിറ്റി, പഞ്ചായത്ത് പരിധികളിലായി പല നിയമങ്ങളുമുണ്ടാകും, എന്നാലും ഡ്രെയിനേജ്‌വഴി കടകളിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ, പുഴയിലേയ്ക്ക് വരികയാണ്. മഴ പെയ്യുമ്പോൾ ഇവയെല്ലാംകൂടി ചേർന്ന് പുഴയിലേക്ക് പോകും. നമ്മൾ സാംസ്കാരികമായിട്ടുകൂടി, എല്ലാ ആളുകളും ചേർന്ന് പുഴ സംരക്ഷിക്കാൻ വേണ്ടിയൊരു സംസ്കാരംതന്നെ ഉടലെടുക്കേണ്ടത് ആവശ്യമാണെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട മെമ്പർ പുതിയൊരു സിനിമയിലെ നായകനാണെന്നുകൂടി പറയുന്നു, അദ്ദേഹം ഇങ്ങനെയൊരു കാര്യത്തിനെ പിന്തുണച്ചതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അങ്ങ് ചൂണ്ടിക്കാണിച്ച ഭാരതപ്പുഴയെപ്പറ്റി CWRDM-ന്റെ ഗൗരവകരമായ പഠനം വന്നിട്ടുണ്ട്. ആ പഠന റിപ്പോർട്ട്പ്രകാരം വളരെ ഗുരുതരാവസ്ഥയാണ് ഭാരതപ്പുഴ നേരിടാൻ പോകുന്നത്. കേരളത്തിലെ 44 നദികളെപ്പറ്റിയുള്ള പഠനത്തിന്റെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്, വളരെ ഗുരുതരമായ കാര്യമാണ്. ഇതുപറയുമ്പോൾ കേവലമൊരു മുതലാളിക്ക് സാമ്പത്തിക

ലാഭമുണ്ടാക്കാനുള്ള കാര്യമായി, അല്ലെങ്കിൽ അതിനെ തകർക്കാൻ നോക്കുന്നുവെന്ന മട്ടിൽ ആക്ഷേപിക്കുന്ന നിലപാടിൽനിന്ന്, ബഹുമാനപ്പെട്ട ജനപ്രതിനിധികളെങ്കിലും അതിന്റെ യാഥാർത്ഥ്യം ഉൾക്കൊള്ളണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. എനിക്ക് ധാരാളം പറയാനുണ്ട്, രണ്ടോമൂന്നോ മണിക്കൂർ ഈ കാര്യത്തെപ്പറ്റി പറയാനുണ്ട്, കാരണം ഇത് ഇന്നത്തേയും നാളത്തേയും വരും തലമുറയ്ക്കുവേണ്ടി നടത്തുന്ന ശുദ്ധജലത്തിനുവേണ്ടി, ജലം മലിനപ്പെടുത്തുന്നതിനെതിരായിട്ടുള്ള ഒരു വലിയ പുറപ്പാടാണ്, നിങ്ങളുടേയും ഈ സഭയുടേയും വലിയ പിന്തുണവേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സമയം ചുരുക്കമായതുകൊണ്ട് മറ്റുള്ളവർക്ക് അവതരിപ്പിക്കുന്നതിനുവേണ്ടി ഞാൻ ഇപ്പോൾ അവസാനിപ്പിക്കുകയാണ്, പിന്നീട് ചർച്ച തുടരുന്നതാണ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

## (iii) 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യങ്ങളിലെ സാക്ഷികളെ ഭീഷണിപ്പെടുത്തിയും അവഹേളിച്ചും തങ്ങൾക്ക് അനുകൂലമാക്കുവാൻ കുറ്റകൃത്യങ്ങളിലേർപ്പെട്ട പ്രതികൾ ശ്രമിക്കുന്നുവെന്നത് സംബന്ധിച്ച് MAHENDER CHAWLA & ORS. VERSUS UNION OF INDIA & ORS.- കേസിൽ ബഹു. സുപ്രീംകോടതി ആവശ്യപ്പെട്ടതുപ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഒരു Witness Protection Scheme തയ്യാറാക്കി സുപ്രീംകോടതിക്ക് സമർപ്പിച്ചു. ഈ കേസിൽ 05.12.2018 -ൽ പുറപ്പെടുവിച്ച വിധിപ്രകാരം സുപ്രീംകോടതി ഈ സ്കീം അംഗീകരിച്ചു. ഭരണഘടനയുടെ 141, 142 അനുച്ഛേദ പ്രകാരം ഈ നിയമം രാജ്യത്തിന് മുഴുവൻ ബാധകമാകുന്നതായിരിക്കുമെന്നും കേന്ദ്രവും സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും അക്ഷരാർത്ഥത്തിലും അതിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ടും നിയമം നടപ്പിൽവരുത്തണമെന്നും നിർബന്ധപൂർവ്വം നിർദ്ദേശിക്കുന്നുണ്ട്. ഇതുപ്രകാരം സാക്ഷികളെ എ, ബി, സി എന്നീ മൂന്ന് കാറ്റഗറികളായി തിരിച്ചിട്ടുണ്ട്. സാക്ഷിയുടെയും

കുടുംബത്തിന്റെയും ജീവന് ഭീഷണിയുണ്ടെങ്കിൽ 'എ' കാറ്റഗറിയിലും സാക്ഷിയുടെയും കുടുംബത്തിന്റെയും അന്തസ്സിന് കോട്ടം വരുത്തുക, വസ്തുവകകൾ നശിപ്പിക്കുക എന്നീ ഭീഷണികളുണ്ടെങ്കിൽ 'ബി' കാറ്റഗറിയിലും സാക്ഷിയെയും കുടുംബത്തിനെയും ഭീഷണിപ്പെടുത്തുക, അധിക്ഷേപിക്കുക, ശല്യപ്പെടുത്തുക എന്നിവയുണ്ടെങ്കിൽ 'സി' കാറ്റഗറിയിലുമായാണ് സുപ്രീംകോടതി ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ സെഷൻസ് ജഡ്ജി ചെയർമാനും ജില്ലാ പോലീസ് മേധാവി അംഗമായും ഗവൺമെന്റ് പബ്ലിക് പ്രോസിക്യൂട്ടർ മെമ്പർ സെക്രട്ടറിയായും ഓരോ ജില്ലയിലും ഒരു കോംപീറ്റന്റ് അതോറിറ്റി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി 26.06.2020 -ൽ എക്സിക്യൂട്ടീവ് ഡയറക്ടറി നം.19/2020 പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളനുസരിച്ച് ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ 38 പേർക്ക് സുരക്ഷ നൽകിയിട്ടുമുണ്ട്. സുപ്രീംകോടതിയുടെ ജഡ്ജ്മെന്റിൽ 35 (3) ഖണ്ഡികയിൽ പാർലമെന്റും സംസ്ഥാന നിയമസഭകളും ഇതുസംബന്ധിച്ച് തക്കതായ നിയമനിർമ്മാണം നടത്തുന്നതുവരെ Witness

Protection Scheme രാജ്യത്തെ നിയമമായി കണക്കാക്കുമെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം. എൽ. എ. അനൂപ് ജേക്കബ് അവതരണാനുമതിക്ക് അപേക്ഷിച്ചിട്ടുള്ള 2021-ലെ കേരള ക്രിമിനൽ കേസ്സിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ (ബിൽ നം.7)-ന് അവതരണാനുമതി നൽകേണ്ടതില്ല എന്നാണ് ഗവൺമെന്റ് തീരുമാനം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽത്തന്നെ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവിടെ പ്രതിപാദിച്ച സാക്ഷി സുരക്ഷാ പദ്ധതി (Witness Protection Scheme) 2018 -ൽ ബഹു.സുപ്രീംകോടതി അംഗീകരിക്കുകയും അതനുസരിച്ച് ഇപ്പോഴും നടപടികൾ നീങ്ങുന്നുവെന്നുമാണ് സൂചിപ്പിച്ചത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമം നിർമ്മിക്കുന്നതുവരെ മാത്രമാണ് ഇതിന് പ്രാബല്യം. ബഹു.സുപ്രീംകോടതി അത്തരത്തിലുള്ള ഒരഭിപ്രായം മുന്നോട്ടുവയ്ക്കാൻ കാരണമായത് ഒരു കേസിലെ സാക്ഷി കോടതി വരാന്തയിൽ കൊലചെയ്യപ്പെട്ടതാണ്. സാക്ഷികളുടെ സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടി കേന്ദ്രഗവൺമെന്റ് കൈക്കൊള്ളണമെന്നത് സംബന്ധിച്ചുള്ള നിർദ്ദേശം

പ്രസ്തുത കേസിലെ പ്രതിയുടെ വിചാരണവേളയിലാണ് സുപ്രീംകോടതി മുന്നോട്ടുവച്ചത്. അതോടൊപ്പം സംസ്ഥാനങ്ങൾ ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 'സാക്ഷി സുരക്ഷാ പദ്ധതി' നിലവിൽ വന്നതിനുശേഷം നിയമനിർമ്മാണം നടത്താതെ പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ മഹാരാഷ്ട്രാ അസംബ്ലി, 'Maharashtra Witness Protection and Security Act, 2017 ' എന്നപേരിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഞാൻ ഇവിടെ സൂചിപ്പിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണെന്നതിൽ ഗവൺമെന്റിന് എതിരഭിപ്രായം ഉണ്ടാകുമെന്ന് കരുതുന്നില്ല. കൊലപാതകം, ബലാത്സംഗം, ബാങ്ക് കവർച്ച തുടങ്ങിയ പ്രമാദമായ പല കേസുകളിലും പ്രതികൾ രക്ഷപ്പെട്ട് നിയമത്തിന് മുന്നിലൂടെ നടന്നുപോകുമ്പോൾ നമ്മളെല്ലാവരും ധാർമ്മികരോഷം കൊള്ളുകയും അതുസംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തുകയും സോഷ്യൽ മീഡിയയിൽ കുറിപ്പുകളിടുകയും പത്രങ്ങളിൽ ലേഖനമെഴുതുകയും ചെയ്യാറുണ്ട്. കുറ്റം ചെയ്തുവെന്ന് പൊതുസമൂഹം ഉറച്ചുവിശ്വസിക്കുന്ന പ്രതികൾ രക്ഷപ്പെടുന്ന സന്ദർഭങ്ങൾ അനവധിയാണ്. പ്രതികൾ ഇങ്ങനെ

രക്ഷപ്പെടുന്നത് എന്തുകൊണ്ടാണ്? സാക്ഷികൾ കൂറുമാറുകയും കൊല്ലപ്പെടുകയും ചെയ്യാറുണ്ട്. സാക്ഷികൾ ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുന്ന സംഭവങ്ങളും ധാരാളമായി കേൾക്കാറുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിലെ അഴിമതിക്കേസ് നമ്മുടെ മുമ്പിൽ ഉദാഹരണമായി നിൽക്കുകയാണ്. ഇങ്ങനെ അനവധി കേസുകൾ അട്ടിമറിക്കപ്പെട്ടുപോകുന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ക്രിമിനൽ കേസിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം സാക്ഷിയാണ്. നിയമപരമായ പരിരക്ഷയിലൂടെ സാക്ഷികളെ സംരക്ഷിക്കാൻ കഴിയണം. നിയമപരമായ പരിരക്ഷയിലൂടെ മുന്നോട്ടുപോയാൽ മാത്രമേ മേൽ സൂചിപ്പിച്ച തരത്തിലുള്ള ക്രിമിനൽ കേസുകളിൽ നീതിയുക്തമായ വിചാരണ നടത്താനും പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും കഴിയുകയുള്ളൂ എന്നതുകൊണ്ടാണ് ഞാൻ ഇത്തരമൊരു നിയമനിർമ്മാണത്തിന്റെ ആവശ്യകത സൂചിപ്പിക്കുന്നത്. പ്രസ്തുത വിഷയത്തിൽ ഐക്യരാഷ്ട്രസഭ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. 15.11.2000-ൽ ഇന്ത്യ ഒപ്പുവച്ച, ഐക്യരാഷ്ട്രസഭയുടെ 'അന്താരാഷ്ട്ര സംഘടിത കുറ്റകൃത്യത്തിനെതിരെയുള്ള ഉടമ്പടി'യിലെ അനുച്ഛേദം 24, 25 അനുസരിച്ച് കക്ഷിരാഷ്ട്രങ്ങൾ സാക്ഷിസുരക്ഷയിലും

ഇരകളുടെ സുരക്ഷയിലും സംരക്ഷണം ഉറപ്പുവരുത്തണമെന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമം നിർമ്മിക്കേണ്ടതായിട്ടുണ്ട്. എന്നാൽ കേന്ദ്രത്തിലും അത്തരത്തിൽ ഒരു നിയമനിർമ്മാണം നടന്നിട്ടില്ലെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. അതുകൊണ്ടുതന്നെ ഇത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്നായി മാറിയിട്ടുണ്ട്. 2018 -ൽ നിലവിൽ വന്ന സാക്ഷി സുരക്ഷാ പദ്ധതിയിൽ ധാരാളം അപാകതകളുണ്ട്. കേസന്വേഷണവേളയിൽ സാക്ഷിയും പ്രതിയും മുഖാമുഖം കാണുന്നില്ലെന്ന് ഉറപ്പുവരുത്തണം, സാക്ഷിയുടെ ഫോൺ, ഇ-മെയിൽ എന്നിവ നിരീക്ഷണത്തിൽ വയ്ക്കണം, സാക്ഷിക്ക് അടിയന്തര ഘട്ടങ്ങളിൽ സഹായമഭ്യർത്ഥിച്ച് ബന്ധപ്പെടാൻ യുക്തമായ വ്യക്തികളെ ചുമതലപ്പെടുത്തണം തുടങ്ങിയ ധാരാളം നിബന്ധനകളും അഭിപ്രായങ്ങളും അതിൽ മുന്നോട്ടുവച്ചിട്ടുണ്ടെന്ന് വായിച്ച് നോക്കിയാൽ മനസ്സിലാകും. ഇതുസംബന്ധിച്ച് ജില്ലാതലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്ന് ഇവിടെ പറഞ്ഞു. സാക്ഷിയെ തിരിച്ചറിയാൻ സാധിക്കാത്ത രീതിയിൽ സ്ക്രീൻ ഏർപ്പെടുത്തണമെന്ന പ്രസ്തുത സ്കീമിലെ നിർദ്ദേശത്തിൽ ന്യൂനതകളുണ്ട്. സാക്ഷിയെ പ്രതിയിൽനിന്നും പലപ്പോഴും മറച്ചുവയ്ക്കാൻ സാധിക്കില്ല.

അത്തരത്തിൽ അനവധി ന്യൂനതകൾ കടന്നുവന്നിട്ടുള്ളതിനാൽ ഒരു പൂർണ്ണമായ ബിൽ അവതരിപ്പിച്ച് മുന്നോട്ടുപോയാൽ ന്യൂനതകൾ ഒഴിവാക്കാൻ കഴിയുമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സാക്ഷിസുരക്ഷാ പദ്ധതിയിൽ അനവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും അതിൽ ന്യൂനതകളുണ്ടെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. അവ മാറണമെന്നുണ്ടെങ്കിൽ അസംബ്ലിയിൽ ചർച്ച ചെയ്ത് നിയമം പാസ്സാക്കണം. അങ്ങനെയെങ്കിൽ പഴുതുകളില്ലാതെ മുന്നോട്ടുപോകാനും സാക്ഷികൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താനും കഴിയുന്ന സാഹചര്യത്തിലേയ്ക്കെത്താൻ സാധിക്കും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പലപ്പോഴും ഒരു കേസുമായി ബന്ധപ്പെട്ട് സാക്ഷിവിസ്താരം വൈകുന്ന സമയത്ത് സാക്ഷികൾ കൂറുമാറാനും കേസ് തേഞ്ഞുമാഞ്ഞുപോകാനും സാധ്യതകളുണ്ട്. ഇന്ത്യയിൽ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാക്ഷികൾക്കാവശ്യമായ സുരക്ഷയും സംരക്ഷണവും ലഭ്യമാകാറുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. പക്ഷേ പലപ്പോഴും സാക്ഷികളെ കൂറുമാറ്റുന്നതിനും മൊഴിമാറ്റി പറയിക്കുന്നതിനും പ്രചോദനമേകുന്ന സാഹചര്യങ്ങൾ നമ്മുടെ രാജ്യത്തും

സംസ്ഥാനത്തും നിലവിലുണ്ടെന്നുള്ളതും വസ്തുതയാണ്. അത്തരമൊരു സന്ദർഭത്തിൽ കുറ്റകൃത്യം നടന്നാൽ സാക്ഷിവിസ്താരം വളരെപ്പെട്ടെന്നാക്കാനുള്ള നടപടിയുണ്ടായാൽ കൂറുമാറ്റത്തിനുള്ള സാധ്യത വിരളമാകുമെന്ന കാര്യംകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീമതി കെ. കെ. രമ: സർ, കേസിൽ സാക്ഷികൾ കൂറുമാറുന്ന സംഭവവുമായി ബന്ധപ്പെടുത്തുമ്പോൾ സാക്ഷികളുടെ സംരക്ഷണവും സുരക്ഷയും ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. വ്യക്തിപരമായി എനിക്ക് ഈ വിഷയത്തിൽ അഭിപ്രായം പറയാൻ കഴിയും. എന്റെ ഭർത്താവ് സഖാവ് ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടപ്പോൾ ആ കേസിലെ 52-ഓളം സാക്ഷികളാണ് കൂറുമാറിയത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും നീതി നിഷേധിക്കപ്പെട്ട ഒരാളാണ് ഞാൻ. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത്തരത്തിൽ കൂറുമാറുന്ന സാക്ഷികൾക്ക് നിയമപരമായി ശിക്ഷ നൽകുന്ന വകുപ്പുകൂടി ഉൾപ്പെടുത്തണമെന്നകാര്യം അങ്ങയുടെ പരിഗണനയിലുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്, ആവശ്യമായ പരിരക്ഷയില്ലെന്ന് സുപ്രീം കോടതിക്ക്

ബോധ്യപ്പെട്ടതുകൊണ്ടാണ് ഇത്തരത്തിലുള്ള നിയമം കൊണ്ടുവരണമെന്ന് സുപ്രീംകോടതിതന്നെ നിർദ്ദേശിക്കേണ്ട സാഹചര്യം വന്നത്. ഇവിടെ സാക്ഷി സുരക്ഷാ പദ്ധതി ഗവൺമെന്റ് നടപ്പിലാക്കാനുള്ള കാരണവും അതുതന്നെയാണ്. അതിനകത്ത് കൂടുതൽ ന്യൂനതകൾ കടന്നുകൂടിയിട്ടുണ്ടെന്ന് ഞാനിവിടെ ചൂണ്ടിക്കാട്ടി. ഇവിടെ പ്രതിപാദിച്ചതുപോലെ വേഗതയിൽ വിചാരണ പൂർത്തിയാക്കാൻ സാധിക്കുന്ന വിധത്തിൽ ദൈനംദിന വിചാരണ നടത്തുകയെന്നത് ഈ പദ്ധതിയിൽ പറഞ്ഞതനുസരിച്ച് നടക്കുന്നുണ്ടോ; ഇല്ല. കോടതിയിലുള്ള സമയമായിരിക്കും അക്കാര്യത്തിലുള്ളത്. ഇവിടെ സാക്ഷികൾക്ക് പൂർണ്ണമായും സംരക്ഷണം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള ഒരു ബില്ലിന്റെ അനിവാര്യതയിലേയ്ക്ക് കോടതിതന്നെ ചൂണ്ടിക്കാട്ടിയത്. ടി. പി. ചന്ദ്രശേഖരൻ വധകേസിൽ 52 പേരാണ് കൂറ് മാറിയത്. ഏറെ ചർച്ച ചെയ്ത വിഷയങ്ങളിൽ ഒന്നാണിത്. എന്തുകൊണ്ടാണ് ഇവർ കൂറ് മാറുന്നത്; അവർക്ക് പ്രൊട്ടക്ഷനില്ല. ഇവരുടെ ബന്ധുക്കളിന്മേൽ സമ്മർദ്ദമുണ്ടാകും; ഇവരുടെമേൽ സമ്മർദ്ദമുണ്ടാകും. ഇവരിൽ ആരെങ്കിലും കൊലചെയ്യപ്പെടുകയോ മരണപ്പെടുകയോ ചെയ്യും, അങ്ങനെ അവർക്ക്

ഭയം വരുന്നു. ഭയത്തിൽനിന്ന് അവരെ സംരക്ഷിക്കാൻ ഒരു സർക്കാരിന് കഴിയാതെപോകുമ്പോഴാണ് ഇവിടെ പറയുന്ന ടി. പി. ചന്ദ്രശേഖരൻ വധകേസിൽ 52 പേർ കൂറ് മാറിയിട്ടുള്ളത്. അവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഗവൺമെന്റിനില്ലേ; കൂറ് മാറിയ പ്രതികളെ ശിക്ഷിക്കണമോയെന്നുള്ള ചോദ്യം വളരെ പ്രസക്തമായ ഒന്നാണ്. സാക്ഷികൾ കൂറ് മാറാനുണ്ടായ കാരണം അവരുടെ നിസ്സഹായാവസ്ഥകൊണ്ടാണ്. അവരെ സംരക്ഷിക്കാൻ ആരുമില്ലായെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. യു.പി.-യിൽ ഉണ്ടായിരിക്കുന്ന അനവധി പ്രമാദമായ കേസുകൾ നമ്മുടെ മുന്നിലുണ്ട്. ആ കേസുകളിലൊക്കെ ബലാത്സംഗത്തിന് ഇരയായ കുട്ടിയുടെ പിതാവുപോലും ദുരൂഹ സാഹചര്യത്തിൽ ജയിലിൽ ആത്മഹത്യചെയ്തു, അല്ലെങ്കിൽ കൊല്ലപ്പെട്ടു എന്നുള്ളതാണ്. എത്രയോ ഉദാഹരണങ്ങളാണ് രാജ്യത്തുള്ളത്. ഇത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. അതുകൊണ്ടുതന്നെ witness protection scheme ഉണ്ടെന്നുള്ളതുകൊണ്ട് ഇത് പൂർണ്ണമാകുന്നില്ലെന്നതും witness protection scheme എന്തിനാണുള്ളതെന്നും വളരെ വ്യക്തമായി കോടതിതന്നെ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഭരണഘടനാ അനുച്ഛേദം 141,

142 അനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമ നിർമ്മാണം നടത്തുന്നതുവരെ സുപ്രീംകോടതിയുടെ സാക്ഷി സുരക്ഷാ പദ്ധതി അംഗീകരിച്ചുകൊണ്ടുള്ള വിധി സാധാരണ നിയമംപോലെ പോകും. എത്രയും വേഗം അതിലേയ്ക്ക് പോകാൻ കഴിയണം. അതിലേയ്ക്ക് പോകാൻ കഴിയാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ളൊരു നിയമനിർമ്മാണം വരേണ്ടത്. അതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നത്. അതുകൊണ്ട് ഈ ബില്ലിനെ നിരാകരിക്കാതെ അംഗീകരിക്കുകയാണ് വേണ്ടതെന്ന് ഗവൺമെന്റിനോട് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുസംബന്ധിച്ച് ഞാൻ ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സമിതിയും ഒരു ജില്ലാസമിതിയും ഇതിനുവേണ്ടി വിനിയോഗിക്കാൻ കഴിയണം. ആ സംസ്ഥാന സമിതിയിലെ അംഗങ്ങൾ, ജില്ലാസമിതിയിലെ അംഗങ്ങൾ, അവരുടെ ലക്ഷ്യങ്ങൾ... 38 സാക്ഷികൾക്കാണ് ഇതുവരെ കേരളത്തിൽ പ്രൊട്ടക്ഷൻ കൊടുത്തിട്ടുള്ളത്. 38-ൽക്കൂടുതലുണ്ടാകും, സുരക്ഷ ആവശ്യമുള്ളവരുമുണ്ടാകും. അപ്പോൾ ഒരു സാക്ഷിക്ക് അദ്ദേഹത്തിന് ഏതെങ്കിലും രീതിയിലുള്ള അപകടം ഉണ്ടാകുകയാണെങ്കിൽ സ്വാഭാവികമായും പോലീസ് സ്റ്റേഷനിൽ പോകും.

പോലീസ് സ്റ്റേഷനിൽ routine കേസുപോലെ പോകുന്നൊരു സാഹചര്യംവരും. അങ്ങനെ routine കേസുപോലെ പോയാൽ നടക്കില്ല. ഒരു പരാതി വന്നാൽ ഒരു മണിക്കൂറിനുള്ളിൽത്തന്നെ ഇത് സമിതിയിലേയ്ക്ക് ശിപാർശ ചെയ്യുകയും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഒരു വ്യക്തിയുടെ പരാതി ലഭിച്ചാൽ നാലോ അഞ്ചോ മണിക്കൂറിനുള്ളിൽ ആ വ്യക്തിക്ക് ആവശ്യമായ സുരക്ഷ ഉറപ്പുവരുത്താൻ കഴിയുന്ന നിലയിൽ മാറേണ്ടതാണ്. ഇതിനെ സങ്കുചിതമായി കാണാൻ കഴിയുന്ന ഒന്നല്ല. നാളെ ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടും. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു വ്യക്തമായ ചിത്രം കൊണ്ടുവരേണ്ടതാണ്. സാക്ഷികൾക്ക് സുരക്ഷ ഉറപ്പുവരുത്താൻ കഴിയുന്ന നിലയിൽ ഒരു നിയമം അനിവാര്യമാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഇതിന്റെ തുടർച്ചയ്ക്കായി ഞാൻ നീക്കിവയ്ക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

## (iv) <u>2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ</u>

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരളത്തിലിപ്പോൾ അഞ്ചുലക്ഷത്തി ഒൻപതിനായിരത്തി നാനൂറ്റി അമ്പത്തിയൊന്ന് ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. പ്രസ്തുത തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരളത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ധാരാളം ആനുകൂല്യങ്ങൾ ബന്ധപ്പെട്ട ഈ വിഭാഗത്തിന് ലഭിക്കുന്നുണ്ട്. അതിൽ ഒന്ന്, മരണാനന്തര ആനുകൂല്യം, ആശ്വാസ ധനസഹായം, ചികിത്സാ സഹായം, ടെർമിനൽ ബെനിഫിറ്റ്, ഭൗതികശരീരം നാട്ടിലെത്തിക്കാനുള്ള സഹായം എന്നിവയാണ്. വിദ്യാഭ്യാസ ഗ്രാന്റ് ഇപ്പോൾത്തന്നെ നല്കുന്നുണ്ട്. രണ്ട്, കുടിയേറ്റക്ഷേമ

പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും സംസ്ഥാനത്തിനകത്തുവച്ച് ഏതെങ്കിലും ഇതര സംസ്ഥാന തൊഴിലാളി മരണമടയുന്ന പക്ഷം 25,000 രൂപ മരണാനന്തര സഹായമായി നല്കുന്നുണ്ട്. മൂന്നാമത്, കേരള സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഏതൊരു ഇതര സംസ്ഥാന തൊഴിലാളിക്കും രണ്ട് ലക്ഷം രൂപ വച്ച് നിലവിൽ നല്കുന്നുണ്ട്. നാലാമതായി ജോലിക്കിടയിൽവച്ച് അപകടംമൂലം പരിക്കേല്ക്കുന്ന അംഗത്തിനും സ്ഥായിയായി അവശത അനുഭവിക്കുന്ന അംഗത്തിനും ആശ്വാസധനസഹായമായി 25,000 രൂപ നല്കുന്നുണ്ട്. അഞ്ചാമതായി ചികിത്സാ സഹായം 25,000 രൂപവരെയും ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്നതിന് പരമാവധി 20,000 രൂപവരെയും അനുവദിക്കുന്നുണ്ട്. ആറാമതായി ടെർമിനൽ ബെനിഫിറ്റ് 25,000 രൂപമുതൽ 50,000 രൂപവരെയുണ്ട്. ഏഴാമതായി ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് ആയി 50,000 രൂപ അനുവദിക്കുന്നുണ്ട്. എട്ടാമതായി 1000 രൂപമുതൽ 3000 രൂപവരെ വിദ്യാഭ്യാസ ഗ്രാന്റിന് അർഹതയുണ്ട്. ഇവിടെ കാണുന്നൊരു പ്രശ്നം സംസ്ഥാനത്തിനകത്ത് കുടിയേറ്റത്തൊഴിലാളി മരണമടയുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ

ഈ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി കുടിയേറ്റത്തൊഴിലാളി പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ടിന് രൂപം നല്കിയിട്ടുണ്ട്. പരമാവധി 50,000 രൂപവരെ ഇതിന് കൊടുക്കാൻ കഴിയും. അതുപോലെതന്നെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്യുന്നതിന് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യവും പരിരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് 1325/16 സർക്കാർ ഉത്തരവ് പ്രകാരം 01-11-2017 മുതൽ ഈ പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിയിട്ടുള്ള വിവിധ മേഖലകളിൽ ജോലിചെയ്യുന്ന പതിനെട്ട് വയസ്സിനും അറുപത് വയസ്സിനും ഇടയിലുള്ള തൊഴിലാളികളെല്ലാം ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്ത് ചിസ് പ്ലസ് പദ്ധതി എംപാനൽ ചെയ്ത് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം

അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് ഉറപ്പുവരുത്തുന്നുണ്ട്. ഇവിടെ കാണേണ്ടൊരു പ്രശ്നം ചികിത്സാപരിധിയിൽ പ്രസവ സംബന്ധമായ ചികിത്സയും ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ വിവരിച്ച ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് പുറത്തുനിന്ന് കുടിയേറിവരുന്ന ഈ പറയുന്ന അഞ്ച് ലക്ഷത്തിൽപ്പരംവരുന്ന തൊഴിലാളികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്ത് കൊടുക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ഈ അനൗദ്യോഗിക ബിൽ (നം.8) ഇപ്പോൾ അംഗീകരിക്കാൻ കഴിയില്ല, ഇതിന് പ്രസക്തിയില്ലെന്നാണ് ഗവൺമെന്റിനുവേണ്ടി അറിയിക്കാനുള്ളത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വളരെ നിരാശാജനകമായിപ്പോയി അങ്ങയുടെ ഈ മറുപടി. കാരണം നമ്മുടെ സംസ്ഥാനത്തിന്റെ ഓണംകേറാമൂലയിൽപോലും അതിഥി തൊഴിലാളികളെന്ന് നമ്മൾ സ്നേഹത്തോടെ വിളിക്കുന്ന, ഇന്ത്യയിലെ 25

സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിരവധി തൊഴിലാളികൾ വന്ന് എല്ലാത്തരത്തിലുമുള്ള ജോലികൾ ചെയ്തുപോകുന്നുണ്ട്. പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂർ അറിയപ്പെടുന്നത് മിനി ഇന്ത്യയെന്നാണ്. കാരണം ഈ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ആളുകളുമുള്ള സ്ഥലമായതുകൊണ്ടാണ് മിനി ഇന്ത്യയെന്നറിയപ്പെടുന്നത്. അങ്ങ് പറഞ്ഞ കണക്കുണ്ടല്ലോ അത് തെറ്റാണ്. നമ്മുടെ അയൽസംസ്ഥാന തൊഴിലാളികൾ അല്ലെങ്കിൽ കുടിയേറ്റത്തൊഴിലാളികൾ എത്രമാത്രം കേരളത്തിലുണ്ട് എന്നതിനെപ്പറ്റി വ്യക്തമായിട്ടുള്ള കണക്കുപോലും നമ്മുടെ സർക്കാരിന്റെ കൈവശമില്ല. ഇവിടെ 2018-ൽ Post-Disaster Needs Assessment Government of Kerala എടുത്ത കണക്കുപ്രകാരം കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾ 35 ലക്ഷം പേരാണ്. അങ്ങ് പറഞ്ഞത് അഞ്ച് ലക്ഷം പേരെന്നാണ്. 2018-ലെ കണക്കനുസരിച്ച് 4 ലക്ഷത്തിനും ആറ് ലക്ഷത്തിനും ഇടയിലുള്ള ആളുകൾ എറണാകുളം ജില്ലയിൽത്തന്നെ വിവിധ ജോലി ചെയ്യുന്നുണ്ട്. ഇവിടെ അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്.

നമ്മൾ 'അതിഥി ദേവോ ഭവ:' എന്നാണ് പറയുന്നത്. കേരളത്തെക്കുറിച്ച്, കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് പറയുന്നു. നമ്മുടെ സംസ്ഥാനത്തെ 35-40 ലക്ഷത്തിലധികം ആളുകൾ വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും പോയി ജോലിചെയ്ത് ജീവിക്കുന്നവരാണ്. നമ്മുടെ സംസ്ഥാനത്ത് വന്ന് ജോലി ചെയ്യുന്ന മറ്റ് സംസ്ഥാനത്തിലെ ആളുകൾക്ക് അർഹമായ പ്രാധാന്യവും പരിഗണനയും കൊടുത്താൽ മാത്രമേ ആ രീതിയിലുള്ളൊരു പരിഗണന വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും ജോലിചെയ്യുന്ന നമ്മുടെ ആളുകൾക്ക് ലഭ്യമാകുകയുള്ളൂ. നമ്മുടെ സംസ്ഥാനത്തെക്കാൾ പത്ത് നാല്പത് വർഷം പിന്നിൽ നില്ക്കുന്ന സംസ്ഥാനങ്ങളുണ്ട്. നമ്മുടെ ആളുകൾക്ക് ഇവിടെ ജോലി ചെയ്യാനുള്ള ബുദ്ധിമുട്ട് എന്താണ്? നല്ല വിദ്യാഭ്യാസമുള്ള ആളുകൾ, പോസ്റ്റ്ഗ്രാജ്വേഷനും അതിനുമപ്പുറം ഡിഗ്രിയുള്ള വ്യക്തികൾക്ക് ഇവിടെ പല ജോലികളും അടിസ്ഥാനപരമായി ചെയ്യാനുള്ള വിമുഖതയുണ്ട്. അതുകൊണ്ടാണ് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ പോയി ജോലി ചെയ്ത് അദ്ധ്വാനിച്ച് പണം നമുക്ക് കൊണ്ടുവരുന്നത്. ഇവിടെ നമ്മെ സംബന്ധിച്ചിടത്തോളം

അതിഥിത്തൊഴിലാളികൾക്ക് വേണ്ടരീതിയിലുള്ള പരിഗണനയും സംരക്ഷണവും കൊടുക്കേണ്ടത് ആവശ്യമാണ്. എന്തുകൊണ്ടാണ് ഈ ബിൽ ഞാനിവിടെ അവതരിപ്പിക്കുന്നത്? സംസ്ഥാനത്തെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന അതിഥിത്തൊഴിലാളികൾക്ക് ജോലി സ്ഥിരതയും അതോടൊപ്പം മിനിമം വേതനവും ഉറപ്പുവരുത്തണം. അങ്ങേയ്ക്കറിയാമല്ലോ, ഇവിടെ ജോലി ചെയ്യുന്ന അതിഥിത്തൊഴിലാളികൾക്ക് മിനിമം വേതനംപോലും ലഭ്യമല്ല. എറണാകുളം ജില്ലയിലെ വളരെ പ്രശസ്തമായ ഗാർമെന്റ് കമ്പനിയിൽ ഈ ഗവൺമെന്റുതന്നെ അന്വേഷണത്തിന് ഉത്തരവിട്ടപ്പോൾ അവർക്ക് മിനിമം വേതനംപോലും കൊടുക്കുന്നില്ലായെന്നുള്ളത് നമുക്ക് മനസ്സിലായി. ഈ മേഖലയിൽ വളരെയധികം ചൂഷണമുണ്ട്; അത് നമുക്ക് തടയണം. അതിനുവേണ്ടിയാണ് കേരളത്തിൽ അതിഥിത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതെന്നുള്ള കാര്യം ഞാനിവിടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ ബോർഡിന്റെ നിരവധി കർത്തവ്യങ്ങളുണ്ട്. ഒന്ന്, ഞാൻ സൂചിപ്പിച്ചതുപോലെ ജോലി സ്ഥിരത, എന്തുകൊണ്ടാണ് പ്രളയമുണ്ടായിട്ടും ഇവിടെ ജോലി ചെയ്യുന്ന

അതിഥിത്തൊഴിലാളികൾ നമ്മുടെ നാട് വിട്ടുപോകാത്തത്? എന്തുകൊണ്ടാണ് കോവിഡുണ്ടായിട്ടും കൂട്ടത്തോടെ പലായനം ചെയ്യാതിരുന്നത്. കാരണം ഇവിടെ ജോലിസ്ഥിരതയുണ്ട്. പക്ഷേ ജോലിസ്ഥിരതയുണ്ടാകുമ്പോൾ അവർക്കാവശ്യമുള്ള ആനുകൂല്യങ്ങളും മറ്റ് സംരക്ഷണവും ലഭ്യമാകുന്നില്ല. നമുക്കറിയാം സംസ്ഥാനത്ത് പലയിടത്തും കോവിഡുണ്ടായപ്പോൾ ഇതരസംസ്ഥാന തൊഴിലാളികൾ റോഡിലിറങ്ങി. കോട്ടയം ജില്ലയിൽ ചില പ്രശ്നങ്ങളുണ്ടായത് നമ്മളെല്ലാം കണ്ടതാണ്. അവിടെയെല്ലാം ആ പ്രശ്നങ്ങളെ അതിജീവിച്ച് മുന്നോട്ടുകൊണ്ടുപോകാൻ പറ്റുന്ന ശക്തിയിൽ നമുക്കെല്ലാം ഇടപെടാൻ കഴിഞ്ഞു. പക്ഷേ അവർക്കാവശ്യമായ ആനുകൂല്യങ്ങൾ നമുക്ക് നൽകാൻ കഴിയുന്നില്ല. അവർക്ക് മിനിമം വേതനം കൊടുക്കാനോ സംരക്ഷണം നൽകാനോ ക്ഷേമം നടപ്പിലാക്കാനോ അവരുടെ ചൂഷണം തടയാനോ നമുക്ക് കഴിയുന്നില്ല. അപ്പോൾ ഈ രീതിയിലുള്ള കാര്യങ്ങളൊക്കെ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരണമെങ്കിൽ, സർക്കാരിന് ശിപാർശ സമർപ്പിക്കണമെങ്കിൽ അതിന് വ്യക്തമായ ബോർഡ് സ്ഥാപിക്കേണ്ടതാവശ്യമാണ്. അതോടൊപ്പംതന്നെ അവർക്ക്

ക്ഷേമപദ്ധതികൾ വേണം. വിദേശരാജ്യങ്ങളിൽ പോകുന്ന നമ്മുടെ സഹോദരങ്ങൾക്ക് ക്ഷേമപദ്ധതികൾ വേണ്ടേ? മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് ക്ഷേമവും ഐശ്വര്യവും നൽകണമെന്നാഗ്രഹിക്കുന്ന കേരള ഗവൺമെന്റ് ഈ സംസ്ഥാനത്ത് ജോലിചെയ്യുന്ന ഇതര സംസ്ഥാന/അയൽസംസ്ഥാന കുടിയേറ്റത്തൊഴിലാളികൾക്ക് വേണ്ട ക്ഷേമവും ഐശ്വര്യവും നൽകേണ്ടതാണ്. അവർക്കാവശ്യമുള്ള രജിസ്ട്രേഷൻ നൽകണം. ഇവിടെ വരുന്ന തൊഴിലാളികൾ ഭൂരിപക്ഷവും രജിസ്റ്റർ ചെയ്യുന്നില്ല. അതുകൊണ്ടാണ് അങ്ങയുടെ പക്കൽ കൃത്യമായ കണക്കില്ലാത്തത്. എന്റെ നാടായ പെരുമ്പാവൂരിൽ ജിഷ എന്നുപറയുന്ന സഹോദരി മരണപ്പെട്ടുപോയതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിലുണ്ട്. നമ്മുടെ സംസ്ഥാനത്തുവരുന്ന അയൽസംസ്ഥാനത്തൊഴിലാളികളുടെ ചരിത്രവും കാര്യങ്ങളും സ്വഭാവരൂപീകരണവും ക്രിമിനൽ കേസിൽ അംഗമായിരുന്നോ എന്നൊക്കെ ഈ രജിസ്ട്രേഷനിലൂടെ കൃത്യമായി അറിയാൻ കഴിയും. സംസ്ഥാനത്തിന്റെ മറ്റുരീതിയിലുള്ള മുന്നോട്ടുള്ള പ്രയാണത്തിനും ക്രമസമാധാനം നിലനിർത്തുന്നതിനുംവേണ്ടി ഈ നിയമം ആവശ്യമാണ്.

ഈയൊരു സംഭവത്തിലൂടെ എല്ലാം ക്രിമിനലാണെന്ന് ഞാൻ പറയുന്നില്ല. മലയാളികൾചേർന്ന് ടി ആസ്സാംകാരനെ മർദ്ദിച്ച് കൊല്ലുന്ന സംഭവം കോട്ടയത്തും തിരുവനന്തപുരത്തും ഉണ്ടായിട്ടുണ്ട്. ക്രിമിനൽ കുറ്റവുമായി ബന്ധപ്പെട്ട് ഇതിനെ കൂട്ടിക്കുഴയ്ക്കുന്നില്ല. എന്നാൽപ്പോലും രജിസ്ട്രേഷനും ഇൻഷ്വറൻസുമുണ്ടാകേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് പറഞ്ഞ ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. 'റോഷ്നി പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. ഇരുപത്തി അയ്യായിരവും രണ്ടുലക്ഷവുമൊക്കെ സാമ്പത്തികസഹായമായുണ്ട്. പക്ഷേ ഇതൊന്നും കൃത്യമായി നടക്കുന്നില്ല. കുറച്ചുകാര്യങ്ങൾ നടക്കുന്നുണ്ടെന്നുള്ളതല്ലാതെ കൃത്യമായ ഏകോപനത്തിലൂടെയുള്ള സംവിധാനം കേരളത്തിലുണ്ടാകേണ്ടത് ആവശ്യമല്ലേ? അതിഥിത്തൊഴിലാളികൾ അല്ലെങ്കിൽ പ്രവാസികളായ തൊഴിലാളികൾ ഏതൊക്കെ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്ന് അങ്ങേയ്ക്ക് അറിയാമോ? തടി വ്യവസായം - ഏഷ്യയിലെ ഏറ്റവും വലിയ പ്ലൈവുഡ് വ്യവസായം നടക്കുന്നത് പെരുമ്പാവൂരാണ്. തടി വ്യവസായ മേഖലയിലും കൺസ്ട്രക്ഷൻ മേഖലയിലും ഹോട്ടൽമേഖലയിലും അവർ ജോലി ചെയ്യുന്നു.

അവരില്ലെങ്കിൽ ഹോട്ടലുകൾ അടച്ചിടേണ്ടിവരും. കോതമംഗലത്തെ നെല്ലിക്കുഴി പ്രദേശത്ത് ഫർണിച്ചർ മേഖലയിൽ നിരവധി പേർ ജോലി ചെയ്യുന്നുണ്ട്. മത്സ്യബന്ധന മേഖലയിൽ ഏറ്റവും കൂടുതൽ ജോലി ചെയ്യുന്നത് കേരളത്തിൽ വരുന്ന ഇതര സംസ്ഥാനത്തൊഴിലാളികളാണ്. മത്സ്യത്തൊഴിലാളികൾ നമ്മുടെ പട്ടാളമാണെന്ന് പ്രളയമുണ്ടായപ്പോൾ മുഖ്യമന്ത്രി പറഞ്ഞല്ലോ. ഈ മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്നവരായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാന്റെ മണ്ഡലത്തിൽ പ്രളയമുണ്ടായപ്പോൾ ഒന്നും ചെയ്യാൻ കഴിയാതെ അദ്ദേഹം നിലവിളിക്കുന്നത് ഞങ്ങൾ കണ്ടതാണ്. അങ്ങേയ്ക്ക് നാട്ടിലെ ജനങ്ങളോടുള്ള സ്നേഹമാണ് ഇതിലൂടെ വെളിവായത്. പക്ഷേ അത്തരം സന്ദർഭങ്ങളിൽ ഓടിയെത്തിയത് ഇതര സംസ്ഥാനത്തൊഴിലാളികളായിരുന്നു. അതിൽ ഭൂരിപക്ഷവും മത്സ്യത്തൊഴിലാളികളായിരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കിറ്റെക്സ് പോലുള്ള കമ്പനികളിൽ 90 ശതമാനം ജോലികളും ചെയ്യുന്നത് ഇതര സംസ്ഥാനത്തൊഴിലാളികളാണ്. പ്ലാന്റേഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട ജോലികളിലും വ്യവസായമേഖലകളിലും

കാർ വാഷ് അടക്കമുള്ള മേഖലകളിലും അവർ ജോലി ചെയ്യുന്നുണ്ട്. ഇപ്പോൾ കൃഷിപ്പണി ചെയ്യുന്നതും കെ.എസ്.ഇ.ബി.യുടെ കരാർജോലികൾ ചെയ്യുന്നതും അവരാണ്. അതോടൊപ്പംതന്നെ പലചരക്കുകടകളിൽ, പച്ചക്കറിക്കടകളിൽ, കോഴി വ്യാപാരത്തിൽ, ആക്രി പെറുക്കുന്നതുമെല്ലാം ഇതരസംസ്ഥാനത്തൊഴിലാളികളാണ്. ഇതിൽ ഭൂരിപക്ഷവും ആദിവാസികളും ദളിതരും മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവരുമാണ്. അല്ലാത്തവരില്ലെന്നല്ല ഞാൻ പറയുന്നത്. പശ്ചിമബംഗാൾ, ആസ്സാം, ഝാർഖണ്ഡ്, ഒഡീഷ, ബീഹാർ, ഉത്തർപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും വരുന്നവരെല്ലാം പിന്നാക്കവിഭാഗങ്ങളിൽ നിന്നുള്ളവർ തന്നെയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പ്രളയ സമയത്ത് രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ടവർ അന്യസംസ്ഥാനത്തൊഴിലാളികളായിരുന്നു എന്ന് പരാമർശിച്ചു. അന്യസംസ്ഥാനത്തൊഴിലാളികൾക്ക് ന്യായമായ എല്ലാ പരിരക്ഷയും പരിഗണനയും കൊടുക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങ് പറഞ്ഞ പല കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച ഗവൺമെന്റ്

നിലപാട് വ്യക്തമാക്കി. അവിടെ രക്ഷാപ്രവർത്തനം നടത്തിയത് അന്യസംസ്ഥാനത്തുനിന്നുള്ള മത്സ്യത്തൊഴിലാളികളല്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽനിന്നുള്ള മത്സ്യത്തൊഴിലാളികളാണ്. ബഹുമാനപ്പെട്ട മന്ത്രിമാരായ സജി ചെറിയാന്റെയും വീണാജോർജ്ജിന്റെയും മണ്ഡലങ്ങളായ ചെങ്ങന്നൂരും ആറന്മുളയിലും രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തത് അവരാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളി മേഖലയിൽ അവരാണ് മഹാഭൂരിപക്ഷവും എന്ന് ദയവുചെയ്ത് ധരിക്കരുത്. എന്നാൽ ഫിഷിംഗ് ബോട്ടുകളിൽ പണിയെടുക്കുന്ന കുറെ തൊഴിലാളികളുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതുകാണാതല്ല പറയുന്നത്. അന്യസംസ്ഥാനത്തൊഴിലാളികളായിരുന്നു പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വലിയ പങ്കുവഹിച്ചതെന്ന് അങ്ങ് പറഞ്ഞതിലൊരു തിരുത്തൽ ആവശ്യമായതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> ഞാൻ പറഞ്ഞ വാദങ്ങൾ അങ്ങ് തെറ്റിദ്ധരിച്ചതുകൊണ്ടാണ്. അവരാണ് എല്ലാം ചെയ്തതെന്ന അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതിലുണ്ടായിരുന്നുവെന്നുള്ളതാണ്. കഴിവുള്ള ഒട്ടേറെ

മത്സ്യത്തൊഴിലാളികൾ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. അവരും അതിന് സഹായകരമായ രീതിയിലുണ്ടായിരുന്നുവെന്നുള്ളതുകൊണ്ടാണ് അക്കാര്യം ഞാൻ ചൂണ്ടിക്കാണിച്ചത്. ഞാനൊരു കാര്യം സൂചിപ്പിക്കട്ടെ, മലയാളിയുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അതിഥിത്തൊഴിലാളിയുടെ സാന്നിദ്ധ്യമുണ്ട്. അവരെ സംരക്ഷിക്കുകയും പരിഗണിക്കുകയും പരിചരിക്കുകയും ആവശ്യമുള്ള സമ്പത്ത് കൊടുക്കുകയും പഠനം കൊടുക്കുകയും ചെയ്യുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സമയം കഴിഞ്ഞിരിക്കുന്നു. തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കാം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> ഒരു മിനിട്ടുകൊണ്ട് തീർക്കാം. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. എന്തുകൊണ്ടാണ് അതിഥിത്തൊഴിലാളികൾ ഏറ്റവും കൂടുതൽ കേരളത്തിലേയ്ക്ക് വരുന്നതെന്ന് പറഞ്ഞാൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഏറ്റവും കൂടുതൽ കൂലി കിട്ടുന്നത് കേരളത്തിലാണ്. അതുകൊണ്ടാണ് ഏറ്റവുമധികം ആളുകൾ കേരളത്തിലേയ്ക്ക് വരുന്നത്. സ്വാഭാവികമായും കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും പോയി ജോലി ചെയ്യുന്നവർക്ക്

വേണ്ട പരിഗണന കിട്ടണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അതിഥികളായിവന്ന് ജോലി ചെയ്യുന്നവർക്കുവേണ്ട പരിഗണനയും കൊടുക്കണം. അതിനുവേണ്ടി ഈ ബിൽ സർക്കാർ പരിഗണിക്കണം. ഇത് തുടർചർച്ചയ്ക്കുവേണ്ടി സമയത്തിന്റെ പരിമിതികൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

ഓർഡർ.......ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12.30- ന് പിരിഞ്ഞു.)

********